1709

KOTTAYAM PUBLIC LIBRARY • KOTTAYAM •

അയ്യപ്പൻ പാട്ടുകൾ

എന്ന

# ശാസ്താം പാട്ടുകൾ

(പാർവ്വതിയുടേയും വാവരുടേയും
കഥകൾ അടങ്ങിയതു്)

[ഉടുക്കുകൊട്ടി പാടാവുന്ന അയ്യപ്പൻ
പാട്ടുകളാണു് ഈ ഉത്തമ ഗ്രന്ഥ
ത്തിൽ അടങ്ങിയിരിയ്ക്കുന്നതു്]

38863

ഗ്രന്ഥകർത്താ:
കെ. ആർ. ജി. പണിക്കർ.

പ്രസാധകന്മാർ:
സി. എം. ബുക്കു് സ്റ്റാൾ,
കുന്നംകുളം.

വില: 1-50

[MALAYALAM]

# AYYAPPAN PATTUKAL
ANNA
# SASTAN PATTUKAL

(SONGS & PRAISES)


BY :

K. R. G. PANICKER.



PUBLISHERS :

C. M. BOOK STALL,

KUNNAMKULAM.

PRINTERS :

U. K. C. PRESS,

KUNNAMKULAM.

BLOCK :

SANKAR, Trichur.

1st Impression : 1000 5—1—1966.

Price : Rs. 1 - 50.



RIGHTS TO PUBLISHERS ONLY


KOTTAYAM PUBLIC LIBRARY
KOTTAYAM • KOTTAYAM

പ്രിയദർശിനിയായീടും
ഗജഗാമിനി മോഹിനി
വാരിപ്പൂണ്ണന്റു നിൻ കൃപ-
മാശ്രയം മന്നിനൊക്കെയും

# അയ്യപ്പസ്തുതി

സ്വാമിയേ ശരണമയ്യപ്പാ
ഭഗവാനേ ശരണമയ്യപ്പാ
ശബരിഗിരിവാസാ ശരണമയ്യപ്പാ
ഭക്തവത്സലാ ശരണമയ്യപ്പാ
നീലിമലവാസനേ ശരണമയ്യപ്പാ
അനാഥസംരക്ഷകനേ ശരണമയ്യപ്പാ
പതിനെട്ടാംപടിയേ ശരണമയ്യപ്പാ
അന്നദാനപ്രഭുവേ ശരണമയ്യപ്പാ
ഗുണഗണനിധിയേ ശരണമയ്യപ്പാ
ഹരിഹരാത്മജനേ ശരണമയ്യപ്പാ
ആർത്തിനാശനാ ശരണമയ്യപ്പാ
സത്യമായ പൊന്നും പതിനെട്ടാംപടിയേ
ശരണമയ്യപ്പാ
ഹരിഹരസുതനയ്യനയ്യപ്പസ്വാമിയേ
പൊന്നുശാസ്താവേ ശരണമയ്യപ്പാ!

# സ്തോത്രത്രയം

വീരവാവരനോടൊത്തു
കാന്താരാന്തേ വസിച്ചിടും
ആത്മതാതാ നിനക്കെന്ന-
മർപ്പിപ്പൂ കൂപ്പുകൈകൾ ഞാൻ

ശുദ്ധരിൽ ശുദ്ധനായ് നിത്യം
കരിവന്മല കേറുവാൻ
കൊതിപ്പൂ ധർമ്മശാസ്താവേ
ത്വൽ സാന്നിദ്ധ്യത്തിലെത്തുവാൻ

ഘോരമാകിയ സംസാര-
സാഗരത്തിലെ വെൺതിര
വിഴുങ്ങാനെത്തിടുന്നല്ലോ
രക്ഷിക്കു ശബരീശ്വരാ!

# വിഷയവിവരം


1. ഘോരമഹിഷി
2. മഹിഷിയും മണികണ്ഠനും
3. പരമശിവന്റെ പള്ളിനായാട്ട്
4. ശിവപാർവ്വതിമാരുടെ ഗജലീല
5. ഗണപതി
6. ശാസ്താസ്തോത്രം
7. ധർമ്മശാസ്താവ്
8. ഭൂതനായകൻ
9. എല്ലാം നീയല്ലോ
10. പതിനെട്ടാംപടി
11. ആദിദേവൻ
12. ജഗദീശ്വരൻ
13. ധർമ്മശാസ്താ സ്തുതി
14. സ്വാമിയുടെ ജനനം
15. സ്വാമിയുടെ വിദ്യാഭ്യാസം
16. ശരണമയ്യപ്പാ
17. വരമരുളുക
18. ജഗൽപിതാവ് (ഒന്ന്)
19. അയ്യപ്പസ്വാമി
20. ശരണം വിളിക്കുവിൻ

21. ജഗൽപിതാവ് (രണ്ട്)
22. കരിമലയിൽ
23. മണികണ്ഠ സ്തോത്രനവകം
24. ശക്തിപൂജ
25. അഭയം നിൻപാദം
26. സരസ്വതി
27. സരസ്വതിയുടെ ജനനം
28. സരസ്വതി സ്തുതി
29. പൊന്നമ്പലവണ്ണന
30. അമൃതമഥനം കഥ
31. ഷൺമുഖസ്തുതി
32. ദുർവ്വാസാവും ദേവേന്ദ്രനും
33. അമൃതമഥനം
34. ഗരുഡാഗമനം
35. ഗരുഡനും വാസുകിയും
36. ഗരുഡനും വാസുകിയും തമ്മിലുള്ള യുദ്ധം
37. ശിവൻെറ വിഷപാനം
38. ദേവാസുരന്മാരും അമൃതും
39. മായാമോഹിനി
40. സ്വാമിയുടെ ജനനം
41. പാത്തുമ്മയുടേയും വാവരുടേയും കഥകൾ.

# അയ്യപ്പസ്വാമിയുടെ കഥ

അയ്യപ്പസ്വാമിയുടെ കഥകൾ പറയുമ്പോൾ വളരെയേറെ ചിന്തിയ്ക്കുവാനും പഠിയ്ക്കുവാനുമുള്ള കാര്യങ്ങൾകൂടി അതിലുൾപ്പെട്ടിട്ടുണ്ടെന്നു പറയുമ്പോൾ ആരും അത്ഭുതസ്തബ്ധരാകേണ്ടതില്ല.

അയ്യപ്പൻ എന്ന വാക്കിന്റെ അർത്ഥംതന്നെ ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അയ്യൻ എന്നും അപ്പൻ എന്നും ഉള്ള വാക്കുകൾ കൂടിച്ചേർന്നാണു് അയ്യപ്പൻ എന്ന വാക്കുണ്ടായിട്ടുള്ളതു്. അയ്യൻ എന്നതു് വിഷ്ണുവിന്റേയും അപ്പൻ എന്നതു് ശിവന്റേയും പേരുകളാകുന്നു. ഇതു രണ്ടുംകൂടിയതാണല്ലോ അയ്യപ്പൻ. ഹരിഹരാത്മജനായ അയ്യപ്പസ്വാമിയുടെ കഥ വീരരസപ്രധാനമാണെങ്കിലും ഭക്തജനങ്ങൾ ഉടുക്കുകൊട്ടി പാടുവാനുപയോഗിയ്ക്കുന്ന ഗാനങ്ങളെല്ലാംതന്നെ ഭക്തിരസപ്രധാനങ്ങളെന്നുപറയാതെ നിവൃത്തിയില്ല.

താരകബ്രഹ്മമെന്ന ദിവ്യശക്തിയിൽ അന്തർല്ലീനനായിരിയ്ക്കുന്ന അയ്യപ്പസ്വാമി ഭൂതലത്തിൽ ജനിച്ചതു് മഹിഷീമർദ്ദനത്തിനുവേണ്ടിയാണെന്നുള്ളതു് സുപ്രസിദ്ധമാണു്: ദേവന്മാരുടെ ഓരോ അവതാരവും ഓരോ പ്രധാനമായ കാര്യങ്ങൾക്കുവേണ്ടിത്തന്നെയാണു് ഉണ്ടായിട്ടുള്ളതു്.

അയ്യപ്പസ്വാമിയുടെ ജനനകഥയും അമൃതമഥനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്.

പണ്ടു് ദുർവ്വാസാവു് എന്ന മഹർഷി ദേവേന്ദ്രനു് ഒരു പൂമാല സമ്മാനിച്ചു. കഥ ആരംഭിയ്ക്കുന്നതുതന്നെ ഇവിടെനിന്നാണെന്നു പറയാം. ദേവനായകനായ ദേവേന്ദ്രൻ അതു ഭക്തിശ്രദ്ധാപുരസ്സരം സ്വീകരിച്ചു. യാത്രക്കിടയിൽ ആ മാല സംഗതിവശാൽ തൻെറ വാഹനമായ ഐരാവതം എന്ന ഗജശ്രേഷ്ഠൻെറ മസ്തകത്തിൽ നിക്ഷേപിച്ചു. പൂമാലയുടെ സുഗന്ധത്താൽ ആകൃഷ്ടരായ അനവധി മൃഗങ്ങൾ ആനയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

കോപാധീനനായിത്തീൎന്ന ഐരാവതം ആ മാല തൻെറ തുമ്പിക്കൈകൊണ്ടു് വലിച്ചെടുത്തു് ചവുട്ടിത്തേച്ചു.

ഇതു കണ്ട ദുർവ്വാസാവു് ഉടനെത്തന്നെ ദേവനെത്തന്നെയല്ല ദേവവംശത്തെ ഒന്നടക്കം ശപിച്ചു. നീയ്യും നിൻെറ വംശപരമ്പരകളും ജരാനരകൾ ബാധിച്ചു് ക്ലേശിക്കാനിടവരട്ടെ!

ഈ ശാപത്തിന്നു് മോചനവും മുനി നല്കുകയുണ്ടായി. പാലാഴികടഞ്ഞു് അതിൽനിന്നു ലഭ്യമാകുന്ന അമൃതു് ഭുജിച്ചാൽ ജരാനരകൾ തീരാനിടവരികയും ചെയ്യും. ദേവനായകന്മാരായ ത്രിമൂർത്തികളുടെ നിർദ്ദേശങ്ങളനുസരിച്ചു് ദേവന്മാരും അസുരഗണങ്ങളും ഒത്തുചേൎന്നു് പാൽക്കടൽ കടയാനൊരുങ്ങി. അമൃതു് കിട്ടിയപ്പോൾ ആ അമൃതുകലശവും എടുത്തു് അസുരന്മാർ ഓടിയൊളിച്ചു.

ഉടനെ വിഷ്ണു മോഹിനിയുടെ വേഷത്തിൽ അസുരഗണങ്ങളിൽനിന്നു് അമൃതകുംഭം കൈക്കലൊക്കി.

വിഷ്ണു അമൃതകലശം കൈക്കലാക്കാൻ മോഹിനീവേഷമണിഞ്ഞ കഥ പരമേശ്വരനറിഞ്ഞു. മോഹിനീവേഷമൊന്നു കാണാൻ പരമേശ്വരൻ വിഷ്ണുവിനോടു് ആവശ്യപ്പെട്ടു. ആ വേഷം കണ്ടപ്പോൾ പരമേശ്വരൻ മോഹിനിയിൽ ആകൃഷ്ടനായി.

മോഹിനിയിൽ പരമേശ്വരനുണ്ടായ പൊന്നുണ്ണിയാണു് അയ്യപ്പൻ. ഈ കഥകളടങ്ങിയ ഉടുക്കുപാട്ടുകളാണു് ഇതിൽ അടങ്ങിയിരിയ്ക്കുന്നതു്.

— ശുഭം —

# ഉടുക്കുപാട്ടുകൾ

ആൎയ്യൻ, അയ്യൻ, അയ്യപ്പൻ, ശാസ്താവു്, ചാത്തൻ

എന്നീ പല പേരുകളിലും കേരളത്തിലൊട്ടാകെ

വെച്ചു പൂജിച്ചാരാധിച്ചുവരുന്ന അയ്യപ്പ

സ്വാമിയുടെ പൂജാകൎമ്മാദികൾക്കും

മററും ഉടുക്കുകൊട്ടിപ്പാടാവുന്ന

പാട്ടുകളടങ്ങിയതാണു്

ഈ

## ★ ഉടുക്കുപാട്ടുകൾ ★

എന്ന ഗ്രന്ഥം.

മോഹിനീപുത്രനും, ഹരിഹരസുതനുമായ അയ്യപ്പസ്വാമിയുടെ ജനനംവരെയുള്ള കഥകളാണു് ഈ "ഉടുക്കുപാട്ടുകൾ എന്ന ഗ്രന്ഥത്തിൽ അടങ്ങിയിരിയ്ക്കുന്നതു്.

വില: 1-50

പ്രസാധകർ:

സി എം. ബുക്കു് സ്റ്റാൾ,

കുന്നംകുളം.

# പ്രസ്താവന

ശ്രീ ഭൂതനാഥനായ അയ്യപ്പസ്വാമിയുടെ ഭക്തിനിർഭരങ്ങളായ കഥാഗാനങ്ങൾ ഉടുക്കപ്പാട്ടുകളുടെ രൂപത്തിൽ എഴുതിയതാണു് ഈ കൃതി.

സത്വതമോഗുണാത്മകന്മാരായ വിഷ്ണു-ശിവന്മാരുടെ പുത്രനായ അയ്യപ്പസ്വാമി ഇന്നു കേരളീയരുടെ പ്രധാന ആരാധനാ പാത്രമാണു്. ആ ദേവൻെറ ശക്തിമഹിമകൾ വിവരിയ്ക്കുവാൻ തുടങ്ങിയാൽ ഒരിക്കലും അവസാനിയ്ക്കുകയില്ല. അത്രയും വിശാലങ്ങളും വിജ്ഞേയങ്ങളുമാണു് ആ കഥാരൂപങ്ങൾ.

എന്നാൽ അവ അവതരിപ്പിയ്ക്കുന്നതിൽ അങ്ങേയററം പരിശ്രമിച്ചിട്ടുണ്ടെന്നല്ലാതെ മററൊന്നും ഈ അവസരത്തിൽ പറയാനില്ല.

ഭക്തി ഗാനങ്ങൾക്കും, ഉടുക്കപ്പാട്ടുകൾക്കും വളരെയധികം ആവശ്യക്കാരുള്ളതായിക്കാണാമെങ്കിലും ആ വിജ്ഞാനതൃഷ്ണയെ ശമിപ്പിയ്ക്കാവുന്ന അധികം പ്രസിദ്ധീകരണങ്ങളൊന്നും മലയാളഭാഷയിൽ ഉണ്ടായിട്ടില്ല. പൂർവ്വന്മാരിൽനിന്നു കേട്ടുപഠിയ്ക്കുന്ന പാട്ടുകൾ ശിഷ്യന്മാരിൽനിന്നും അവരുടെ ശിഷ്യന്മാരിൽനിന്നും പകൻ്നുപകൻ്നു് വളരെ ചുരുങ്ങിപ്പോയിരിയ്ക്കുന്നു എന്നു പറയാതെ നിവൃത്തിയില്ല.

ആ കുറവു് പരിഹരിയ്ക്കാനുള്ള ഒരു എളിയ ശ്രമമാണു് ഈ ഗ്രന്ഥത്തിൽ നടത്തിയിരിയ്ക്കുന്നതു്. ഈ ശ്രമം അല്പമെങ്കിലും വിജയിച്ചിട്ടുണ്ടെങ്കിൽ ഞാൻ കൃതാർത്ഥനാണു്.

ഈ പുസ്തകത്തിൻെറ പ്രസാധനം ഭംഗിയായി നിർവ്വഹിച്ച കുന്നംകുളം സി. എം. ബുക്ക്സ്റ്റാളുടമസ്ഥരോടു് എനിക്കുള്ള കടപ്പാടു് നിസ്സീമമാണു്.

7—12—'65. —ഗ്രന്ഥകർത്താ.

1709

# ഘോരമഹിഷി

(കഥാഗാനം)

## ഉടുക്കടിപ്പാട്ട്

38863

ഗുരുഗണപതി കരിവരാനനൻ
തുണയരുളണമെപ്പൊഴും.

സതതമെൻെറയീരസനതന്നിലായ്
നടനമാടണം സരസ്വതി.

മധുരമോഹനനാകുമയ്യൻെറ
ചരിതമൊക്കെയും പാടുവാൻ.

വരമരുളണേ ദേവി നീ നിൻെറ
പദതളിരിൽ ഞാൻ കുമ്പിടാം.

മഹിഷിയെക്കൊലചെയ്യുവാൻ മന്നി-
ലവതരിച്ചൊരു ശംഭുജാ.

തവചരിതങ്ങളാകെയോതുവാൻ
വരമരുളണമെപ്പൊഴും.

മഹിതനാകുമീ മഹിയിലാദ്യമായ്
മനുജനായിപ്പിറന്നവൻ.

ശബരിമാമല മരുവുമയ്യപ്പൻ
വരമരുളണമെപ്പൊഴും.

മഹിഷി; തൻ വരബലമഖിലവു-
മചലയെ നശിപ്പിക്കുവാൻ.
കള്ളമൊരുക്കിയ കഥകൾ കേൾക്കവേ
സുരകുലപതിയപ്പൊഴേ.
ഗുരുജനങ്ങളെയൊക്കെയും വാഴ്ത്തി-
യൊരുസദസ്സു വിളിക്കവേ.
മഹിഷിയെക്കൊലചെയ്യുവാനുള്ള-
മനുജനൊന്നു ജനിക്കുവാൻ.
സുരവരേശ്വരനായ വിഷ്ണുവെ
പദതളിർ കൂപ്പിനില്ക്കയായ്.
സുരഗുരുവായ ദേവനോരോരോ
ചരിതമോതിടാനപ്പൊഴേ.
മഹിതമോഹിനിയായ ലക്ഷ്മിതൻ
പതിയെക്കണ്ടു വണങ്ങണം.
മഹിഷിയെക്കൊലചെയ്യുവാനുള്ള
വഴികളോരോന്നു കാണേണം.
സുരജനങ്ങളീക്കഥകളൊക്കെയു-
മമിതഭീതരായ് കേൾക്കവേ.
മഹിഷി ലോകവിനാശകാരിണി
ജഗദുപദ്രവം ചെയ്യുവാൻ.
കള്ളമൊരുക്കുകയായിരുന്നവൻ
മലകളിൽ ജനദ്രോഹിണി.
ഇവിടെയീലോകമൊക്കെയും പേടി-
ച്ചിരുകിനാൻ വീണ്ടുമപ്പൊഴും.

മഹിഷിതൻ ക്രൂരകഥകളൊക്കെയും
ധരയിലെങ്ങും പരക്കവേ.

ജനഗണങ്ങളും സുരജനങ്ങളും
മുനിഗണങ്ങളും ഭീതരായ്.

മഹിഷി ഘോരസ്വരൂപിണിയായ-
മഹിഷിതൻെറ വിചേഷ്ടിതം.

അറിയുവാൻ വനവീഥിയിൽചെന്നു
ജഗദധീശ്വരൻ ശങ്കരൻ.

മലരണിവില്ലേട്ടത്ത കാമനെ
യൊരുഞൊടിയാൽ കരിച്ചവൻ.

ത്രിപുരമൊക്കെയുമൊററനോക്കിനാ-
ലെരിപൊരിയാക്കിത്തീത്തവൻ.

അഖിലലോക പിതാമഹൻ തൻെറ
തലയറുത്തവൻ ശങ്കരൻ.

ഭയചകിതനായ്; വരബലത്തിനാ-
ലലറിയെത്തും മഹിഷിയെ.

ഉടനെ നേരിടാനായതില്ലെന്ന-
കഥയറിഞ്ഞ സുരേശ്വരൻ.

വഴികളോരോന്നു ചിന്തചെയ്കയായ്
സുരസദസ്സതാ നിശ്ചലം!

# മഹിഷിയും, മണികണ്ഠനും

(വൃത്തം മാറി—ഇരട്ടിപ്പ്)

## ഉടുക്കടിപ്പാട്ട്

നിസ്തുലനാമീശപരസുരതന്നെ
നിത്യമിതാ വന്ദിക്കുന്നേൻ

പദതളിരിൽ പൂക്കളിതാ ഞാൻ
പലപൊഴുതിന്നർപ്പിക്കുന്നേൻ.

മലമുകളിൽ താണ്ഡവമാടിയ
മഹിഷിയുടെ കഥയുരചെയ്യാം

അമിതബലശാലിയതാകിയ-
മഹിഷാസുരനന്നൊരു ദിവസം.

ദ്യോവിനെയും, ഭുവിനെയും ഹാ!
പലവട്ടമുപദ്രവമേകി

അപ്പൊഴുതേ മോഹനനാകിയ
ഹരനുടെയാ മൂന്നാംകണ്ണിൽ.

അതിശക്തിയെഴുന്നൊരു ദേവി
ഭുവിങ്കൽ വന്നുപിറന്നു

അലറിവരും മഹിഷാസുരനെ-
ക്കൊലചെയ്യാൻ ദേവി പിറന്നു.

മഹിഷാസുര മർദ്ദനകഥയ-
ന്നൊരുനാളിലറിഞ്ഞൊരു നേരം
മഹിഷിയ്ക്കു ങ്ങരിശം മൂത്തു
മലതന്നിലലറിനടന്നു.

അതുകേൾക്കെ ദേവഗണങ്ങൾ
അതിഭീതി ചമഞ്ഞുനടന്നു
അലറിവരും മദയാനകളെ
കരമതിനാൽ തല്ലിക്കൊന്നും.

വനവീഥിയിലലറിനടക്കെ-
മതിഘോരരൂപിണി മഹിഷി
മുനിമാരുടെ തപമതിളക്കി
മാമുനിമാർ ഭയവിഹ്വലരായ്.

കൂത്താടി മദിച്ചു പുളച്ചു
കൂററത്തിപ്പെണ്ണുനടന്നു
അതിഘോര തപസ്സുകൾ ചെയ്തു
വരബലമങ്ങാർന്നോരവളെ.

ഓർത്തോർത്തു ഭയവിഹ്വലരായ്
ജനകോടികൾ കഴിയുംകാലം
മന്നിതിലായുണ്ണി പിറന്നു
മണികണ്ഠനുണ്ണി പിറന്നു.

# പരമശിവന്റെ പള്ളിനായാട്ട്

## ഉടുക്കടിപ്പാട്ട്

പണ്ടുപണ്ടുമയൊത്തു ശങ്കരൻ
പള്ളിനായാട്ടിനെഴുന്നെള്ളി
കാളവേതാള ഭൂതവൃന്ദവും
വീരഭദ്രഗണങ്ങളും.

സ്വാമിയെപ്പിൻതുടൎന്നു കാനന-
വേദിയിൽ കളിയാടുവാൻ
വൻപുലിത്തോലുടുത്ത ശംഭുവു-
വൻമലയുടെ പുത്രിയും.

കാട്ടിലെനടപ്പാതതോറുമേ
ആൎത്തരായി നടക്കവേ
തന്റെവില്ലിൽ തൊടുത്തൊരമ്പുമായ്
തമ്പുരാൻ നടകൊള്ളവേ.

കാട്ടിലെപ്പുലിക്കൂട്ടവും, കരി-
ങ്കാട്ടിലെ സിംഹവൃന്ദവും
ദൂരെയോടിയൊളിക്കയായ് ഭീതി-
യൂറിടും മദമത്തൊടെ.

വാനവർ കുലമൌലിമാലയാം
വെള്ളിമാമലത്തമ്പുരാൻ

കാട്ടുപന്നിയെവൻ കരടിയെ
വേട്ടയാടി നടക്കയായ്.

മാമരങ്ങളിൽ തൂങ്ങിവേതാള-
മാനയെക്കൊലചെയ്യുവാൻ

കാളിക്കുളിപ്പടകളന്മോട്ട-
കേളിയാടി വനങ്ങളിൽ.

പഞ്ചസായകവൈരിതൻ പേട്ട
വന്നുനിന്നൊന്നുകാണുവാൻ

വിണ്ണിലെത്തിനാൻ സപ്തമാമുനി-
വൃന്ദവും, ദേവവൃന്ദവും.

ദേവനാരികളത്ഭുതസ്തബ്ധ-
രായിനിന്നിട്ടും വേളയിൽ

പങ്കജദളനേത്രയാ മമ-
ചിത്തകൌതുകം പൂണ്ടിതു.

വേട്ടയാടിക്കഴിഞ്ഞു ദേവിയൊ-
ത്താത്തനായൊരാശങ്കരൻ

മാമരത്തണൽ തന്നിലങ്ങിനെ
വിശ്രമത്തിനൊരുങ്ങിനാൻ.

നന്ദികേശ്വരൻ കാവലായ്നിന്നു
തെല്ലുദൂരെയായപ്പൊഴും

മാമരത്തിൽ തലയും കീഴാക്കി
കാളവേതാളം തൂങ്ങിനാൻ.

# ശിവ_പാർവതിമാരുടെ ഗജലീല

## ഉടുക്കടിപ്പാട്ട്

ചിത്തകൌതുകമാണ്ണൊരു ദേവൻ
വിശ്രമിപ്പതിനൊരുങ്ങവേ
അങ്ങദ്ദൂരെയൊരുവൻ മദയാന
കേളിയാടി രസിക്കവേ.
തന്റെ നായികയായ പെൺകരി_
യുണ്ടു കാത്തന്നരികിലായ്
കൊമ്പുകുത്തിക്കളിക്കമാനയാ_
ത്തുമ്പിയാൽ മണ്ണുയത്തവേ.
അക്കരികാം തൻ ലീലകണ്ടേററം
തൃപ്തനായൊരു ശങ്കരൻ
ക്ഷീണമാൻറ തളൻറങ്ങിട്ടും
ദേവിയേയും വിളിക്കയായ്,
പഞ്ചസായക സായകങ്ങളാൽ
നെഞ്ചിൽ മാലാണ്ടശങ്കരൻ
പുഞ്ചിരിയോടെണീററിരുന്നു തൻ
കണ്മണിയെയുണത്തിനാൻ.
അങ്ങദ്ദൂരത്തു പൂത്തുലഞ്ഞിട്ടും
നല്ലമാകന്ദ ശാഖയിൽ
തൻ കരിമ്പുവില്ലെന്തിനോ കയ്യി_
ലേന്തി പൂവമ്പൊരുക്കിയും.

1709
38863
[KOTTAYAM] PUBLIC LIBRARY KOTTAYAM

നിഷ്പ്രയായ് വനവീഥിയിൽ വന്ന
പൂത്തുലഞ്ഞു വസന്തവും
കാകളീകളകേളി പാടിടും
പൂങ്കുയിലുകളപ്പോഴേ.
ദ്ദൂരെദ്ദൂരെച്ചിറകടിച്ചോരു
ഗാനവുമായ് പറക്കവേ
അത്രിമാമുനിപൂജിതൻ കഷ്ഠ-
മിത്രിഭുവനായകൻ.
മാരമാലിനാൽ ദേവിയെ
ച്ചോതിമെല്ലെയന്നിങ്ങിനെ.

(വൃത്തം മാറി)

കരിവരരുടെ കേളികളാടാൻ
കരളിൽ കൊതിയുണ്ടു മയാളേ.
അതുകണ്ടോ ഗജദമ്പതികൾ
കളിയാടുവതെന്തൊരു കുതുകം.
കൊതിയില്ലേ ദേവി നിനക്കും
ഗജലീലകളാടി രസിക്കാൻ?
ഇതുകേട്ടൊരുമയാൾ മെല്ലേ
നാണത്താലേവമുരച്ചു.
എന്തെന്തിതു ദേവാ നീയി-
ന്നെന്നോടു ചൊല്ലിയതിപ്പോൾ
കളിയാക്കും നമ്മളെ ദേവക-
ളനിശം ഗജ കേളികൾകണ്ടാൽ

നാണക്കേടില്ലേ കഷ്ടം
കൈലാസാ ധീശ്വരദേവാ

ഇതുകേട്ടൊരു ദേവനമപ്പോൾ
പരിഹാസം പൂണ്ടുചിരിച്ചു

ഗജകേളികളാടുവത മലേ
പരിഹാസം തന്നെനിനച്ചാൽ

എന്നാലും കൊതിയാന്നല്ലോ
ചൊല്ലുവതെൻ പൊന്നുമയാളേ

പെണ്ണാന ചമഞ്ഞാലും നീ-
സുന്ദരിമുഖിയായൊരു ദേവീ.

ഞാനിന്നൊരു കരിയായ് തീരാം
ഗജകേളികളാടി രസിക്കാം.

ഇതുകേട്ടോരുമയാളപ്പോൾ
പെണ്ണാന ചമഞ്ഞനല്ലോ

ശിവനോവൻ കരിയായ്ത്തീർന്നു
കളിയാടീ വനവീധികളിൽ

# ഗണപതി

## ഉടുക്കടിപ്പാട്ട്

എട്ടു ദിക്കിലും കാവലായ്നിന്ന
അഷ്ടദിക്പതി മാരവർ
ആ വനാന്തര വീഥിയിൽനന്ദി-
കേശ്വരൻനിന്ന കാവലായ്
പാർവ്വണചന്ദ്രനേർമുഖിയായ-
സുന്ദരി പരമേശ്വരി
കേളിയാടുവാൻ പ്രീതിയോടെയാ-
ക്കാനനത്തിൽ വസിക്കവേ
താണ്ഡവംചെയ്തു നിന്നിടും തവ-
ശ്രീമയൻ പരമേശ്വരൻ
വൻജടക്കെട്ടിളക്കി; യായിരം
സുന്ദരനൃത്ത മാടിയും,
ഓമലാളെപ്പുണർന്ന വൻകരി-
രൂപമാർന്നൊരാ ശങ്കരൻ
ചന്ദനച്ചാറൊഴുക്കിടും കുളിർ-
ചന്ദ്രികാപൂര വീചിയിൽ

ഒത്തുചേർന്നു; ശിവനുമംബികാ-
ദേവിയുമെന്തൊരത്ഭുതം

ഗർഭിണിയായി ദേവി യക്ഷണം
ഗർഭലക്ഷണം കാൺകയാൽ

ദേവനേററവും ഹൃഷ്ടനായിനാൻ
ദേവകൾക്കെന്തൊ ഉത്സവം

ദേവി പെററിതു വൻകരിമുഖ-
നായപുത്രൻ ഗണേശനെ

ഉണ്ണിയാം ഗണനായകാനിത്യം
കാത്തുകൊള്ളണേ ഞങ്ങളെ

ഉണ്ണിയായ ഗണേശ്വരാ നിത്യം
കണ്ണയയ്ക്കണേ ഞങ്ങളെ

ഉണ്ണിയായ വിഘ്നേശ്വരാ നിത്യം
ഞങ്ങൾക്കുത്സവ മേകണേ

നിൻെറ കാലടിപ്പാടുകൾ തോറും
വന്ദനം ചെയ്തിടുന്നിതാ

നിൻെറ പാദതളിരിലായ് നിത്യം
നിന്നുകൃപ്പ മടിയനെ

കാത്തുകൊള്ളണേ ദേവനായകാ
ഭൂതനായക സോദരാ!

# ശാസ്താ സ്തോത്രം

പമ്പാനദിയുടെ തീരത്ത്
കരിമല വന്മലയോരത്ത്

കളിയായ് വന്നു പിറന്നവനേ
കമനീയാംഗാ ശാസ്താവേ

ശരണം ശരണം നീയെന്നും
ശരണം ശരണം ശബരീശാ

പതിനെട്ടാംപടി മുകളേറി
പരമാനന്ദം കൊണ്ടവനേ

പടി പതിനെട്ടും മേശ ശരണം
ശബരിഗിരീശാ ശാസ്താവേ

ശരണം ശരണം നീയെന്നും
ശരണം ശരണം ശബരീശാ

മന്നിൽ ധർമ്മ മുയർത്താനായ്
വന്നുപിറന്നൊരു ജഗദീശാ

കരിമല കയറിയിരുന്നവനേ
കരിമുഖ സഹജാ ശാസ്താവേ

ശരണം ശരണം നീയെന്നും
ശബരിഗിരീശാ ശാസ്താവേ

ഛത്രിയൻ മന്ത്രിക്കൊരുപാഠം
അരുളിയ വീരാ ജഗദീശാ
പമ്പാതീരേ വന്നവനേ
പന്തളദേശേ വാണവനേ
പന്നഗഭൂഷണ സുതനായി
മന്നിൽവന്നു പിറന്നവനേ
ധർമ്മജയക്കൊടി നാട്ടാനായ്
ശർമ്മം മന്നിനു നല്കാനായ്
ശബരി ഗിരീശാ നീ വന്നു
ശരണം മന്നിനു നീ തന്നു
മാന്ത്രിക വിദ്യകൾ ചെയ്തീടും
മന്ത്രിക്കേകിയ പാഠം നീ
മന്നിനു നൽകീ ജഗദീശാ
കരിമുഖ സഹജാ ശാസ്താവേ
ശരണം ശരണം ശബരീശാ
ശബരിഗിരീശാ ശാസ്താവേ
കൈലാസേശ്വര തനയാ നീ
കളിയാടേണം മനതാരിൽ.

# ധമ്മശാസ്താവ്

## ഉടുക്കടിപ്പാട്ട്

(ഓമനക്കുട്ടൻ ഗോവിന്ദൻ — എന്ന രീതിയിലും പാടാം)

---

മാമലയിലിരുന്നരുളുന്ന-
ദേവനിൻ പ്രിയ വിഗ്രഹം
ഭക്തിയോടെന്നും വാഴ്ത്തിടുന്നിതാ
ഭക്തരാകുമടിയങ്ങൾ
നിത്യദുഃഖമകററുവാൻ നിൻെറ
നിസ്തുലപാദ പത്മത്തിൽ
കീത്തനസ്തോത്ര മാല ചാത്തുന്നു
ഭക്തിയോടെ ഞാനീശ്വരാ
പഞ്ചഭൂതങ്ങൾക്കീശനായിന്നീ
മന്നിൽവന്നു പിറക്കവേ
പുഷ്പവൃഷ്ടി ചൊരിഞ്ഞു ദേവക-
ളപ്പൊഴാകാശ വീഥിയിൽ
ധമ്മശാസ്താവേ നിൻ കഥകളീ
മന്നിനുത്സവമേകുവേ
ഭക്തരക്ഷകാ നിൻെറ തൃപ്പദ-
ശക്തിയോർത്തോത്തു നിത്യവും,

നിൻെറ പാദതലത്തിലായിരം
പൊന്മലരണി മാലകറ്ം
ചാർത്തിടുന്നിതാ ദേവ നായകാ
ശക്തി ഞങ്ങൾക്കേ നൽകണേ

അക്കരിമല തന്നിൽമേവുന്ന
ചില്പമാനേ നിൻ നാമങ്ങറ്ം
ദീനതകളകററണേ നിത്യം
മാനസത്തിനു ഭൂതേശാ

വെള്ളിമാമല കാത്തുവാണിടും
വിണ്ണിനീശനാ മീശ്വരൻ
കാത്തുരക്ഷിച്ച ദേവനായകാ
കാത്തരുളണേ ഞങ്ങളേ

പഞ്ചഭൂതമടക്കിവാണു നീ
സുന്ദരേശ്വര പുത്രനായ്.

ഭക്തനായകാ ആർത്ത രക്ഷകാ
നിൻകൃപാമൃത ധാരയാൽ
ഞങ്ങളെക്കാത്തു കൊള്ളണേനിത്യം
ഭൂതനായക നായനീ

നീല മാമലയേറി വൻപുലി
വാഹനനായ് ചമഞ്ഞനീ
വൻമഹിഷിയെക്കൊന്ന നിൻകര-
സുന്ദരത്താരിതറ്ം കളാൽ

നിത്യവും നീ തലോടണേ ദേവ,
ഭക്തനായകാ ഭൂതേശാ
പാർവ്വതീ കരലാളിതാ മണീ-
മാളികാംബികാ സോദരാ
മോഹിനീസുതനായ് ജനിച്ചൊരു
മോഹനാ ശ്രീമയാത്മജാ.
പന്തളേശ്വര പുത്രനായ്‌വന്ന
പമ്പതന്നിൽ പിറന്നനീ
നീലിമാമല തന്നിൽ മേവുന്ന
ശ്രീ ഹരാത്മജാ ശംഭുജാ
ലോകനായികയാണുനിന്നമ്മ
ദേവദേവനാണച്ഛനും
പണ്ടുകൈലാസ വേദിയിൽ കളി-
യാടിടും ശിവനന്ദനാ
വിദ്യയേകി നിനക്കു ശങ്കരൻ
അദ്രികന്യകാ നായകൻ
പൂജചെയ്യുന്ന നിന്നെ ദേവേശ;
കാത്തുകൊള്ളണേ നിത്യവും
ഭക്തരാമടിയങ്ങളെ നിത്യം
കാത്തുകൊള്ളണേ ശംഭുജാ!

# ഭൂതനായകൻ

അഖില ജഗത്തിനു മാധാരമായ് വാണ
മഹിതനാ മീശപര നന്ദനാനീ
കളിയാടീടേണമേ മന്മനതാരിലായ്
ഹരിഹരനന്ദനാ ദേവ ദേവാ

മോഹിനിതൻപ്രിയ നന്ദനാ മോഹന-
ജീവിത മേകിയ പുണ്യരൂപാ
ഏറ്റം ദുരിതത്തിൽ നീന്തിത്തുടിക്കുന്ന-
മാനവന്മാർക്കൊക്കെ യാശ്രയമായ്

നീലിമലയിലിരുന്നരുളീടുന്ന
മോഹനരൂപാ ഞാൻ കൂപ്പിടുന്നേൻ
പണ്ടു മഹിഷിയെക്കൊല്ലുവാൻ കാട്ടിലേ-
യ്ക്കയ്യപ്പാ നീയും ഗമിച്ചനേരം

നിൻ ശരത്തുമ്പേററു വീണു പിടയുന്ന
ഘോരമഹിഷിയെ കണ്ടനേരം
ദേവകളൊക്കെയു മീശാന പുത്രനാം
ദേവനെ-നിന്നെ സ്തുതിച്ചേനല്ലോ

ഭൂതേശനന്ദനാ ഭൂതേശനായ്ത്തീർന്ന
മാനവന്മാർക്കു നീയാശ്രയമായ്.

# എല്ലാം നീയല്ലോ

ജഗദധിനാഥൻ നീയല്ലോ
ജനനായകനും നീയല്ലോ

ഹരനന്ദനനും നീയല്ലോ
ഹരിനന്ദനനും നീയല്ലോ

മോഹിനിമകനും നീയല്ലോ.
മോഹനരൂപൻ നീയല്ലോ

പമ്പേശ്വരനും നീയല്ലോ.
പന്തളവാസൻ നീയല്ലോ

ആർത്തജനേശൻ നീയല്ലോ
ആർത്തി കളഞ്ഞതു നീയല്ലോ.

ശരണം മന്നിനു നീയല്ലോ.
ശരണാഗതനും നീയല്ലോ.

പുലിവാഹനനും നീയല്ലോ
കരിമലവാസൻ നീയല്ലോ

മുനിസേവിതനും നീയല്ലോ
മനുഷ്യസുതനും നീയല്ലോ.

ഭക്തേശ്വരനും നീയല്ലോ
ഭക്തകുലേശൻ നീയല്ലോ.

മായാമനുജൻ നീയല്ലോ
മായാസുതനും നീയല്ലോ.

മഹിഷാന്തകനും നീയല്ലോ
മഹഷീവൈരി നീയല്ലോ.

ശിവനന്ദനനും നീയല്ലോ
ശിവതൻ മകനും നീയല്ലോ.

ഭൂതേശ്വരനും നീയല്ലോ
മണികണ്ഠൻ താൻ നീയല്ലോ.

ഹരിഹരസുതനും നീയല്ലോ
മതിമോഹനനും നീയല്ലോ.

സർവ്വപ്രിയനും നീയല്ലോ
സർവ്വവുമീശ്വര നീയല്ലോ.

ശബരിഗിരീശൻ നീയല്ലോ
ശബരീശ്വരനും നീയല്ലോ.

ശ്രീ മണികണ്ഠൻ നീയല്ലോ
ശ്രീ തൻസുതനും നീയല്ലോ.

സ്തോത്രപ്രിയനും നീയല്ലോ
ശരണപ്രിയനും നീയല്ലോ.

എല്ലാമെല്ലാം നീയല്ലോ
ജഗദധിനാഥൻ നീയല്ലോ.

# പതിനെട്ടാം പടി

പതിനെട്ടാം പടിമുകളിൽ
കുടികൊള്ളും ശബരീശാ.

കരിമലയിൽ കളിയാട്ടം
ജഗദീശാ ശബരിശാ.

ശരണംനീ മണികണ്ഠാ
കൈലാസാധിപ പ്രിയപുത്രാ

ശരണം നീ ശരണം നീ
ശബരിമല യ്ക്കധിനാഥാ.

അനുപമനാം ജഗദീശാ
കളിയാട്ട മലനാട്ടിൽ.

വന്മലയിൽ പുലിമുകളിൽ
നിർമ്മലനാം നീ വന്നു.

കരിമലയിൽ കളിയാട്ടം
കാർവർണ്ണ പ്രിയസുതനേ.

ശബരിമലയ്ക്കധി നാഥാ
ശബരീശാ ശരണം നീ.

അഭയം നിൻ കാൽത്തളിരാ-
ണഭയം മേ ഹരസുതനേ

മനുജന്മാക്കുത്സവമായ്
മലനാടിന്നീശ്വരനായ്.
കുടികൊള്ളും പരമേശാ
ശബരീശാ ശരണം മേ
അമ്പിളിയെ ച്ചൂടിയവൻ
അൻപാളും പരമശിവൻ
വരമേകിയ ശബരീശാ
ശരണംമേ നീയല്ലോ
അനുപമനാം ദേവേശാ
അഗതികൾതൻ പ്രിയനാഥാ.
സതതംനീ ശരണംമേ
ശബരിമലയ്ക്കധി നാഥാ.
സർവ്വേശാ ജനനാഥാ
ശർവ്വപ്രിയ നായവനേ.
ഗർവ്വത്തെ കളയാനായ്
മന്നിൽനീ കളിയാടീ.
പതിനെട്ടാം പടിമുകളിൽ
കുടികൊള്ളും ശബരീശാ.
കരിമലയിൽ കളിയാടും
ജഗദീശാ ശബരീശാ.
ശരണംമേ ശരണംമേ
ശരണംമേ നീയല്ലോ!

# ആദിദേവൻ

(അനുഷ്ടുപ്പ് -ഛന്ദസ്സ്)

---

KOTTAYAM PUBLIC LIBRARY KOTTAYAM.

ആദിദേവം മഹാദേവം
ഗിരിജാനയനപ്രിയാ.
ഭജേന്നിത്യം ഭൂതനാഥ-
മിന്ദിരാപ്രിയ ദർശനം.
ദേവകൾക്കൊക്കെയും പൂജ്യ-
നായ ദേവാധിപപ്രിയാ
നിൻ പദത്തെ കുമ്പിടുന്നേൻ
സന്തതം ശിവ നന്ദനാ.
മോഹിനീ രൂപമാണ്ടൊരു-
വിഷ്ണുവെകണ്ടു തുഷ്ടനായ്.
മനസ്സിൽകൊതി യാർന്നേററ-
മാഹ്ലാദിച്ചീടു മീശനും.
പുണർന്നേൻ മോഹിനീരൂപ-
മാർന്നദേവനെ യപ്പൊഴേ
മായകഗർഭമുണ്ടായി
ശിവനിൽ നിന്നുടൻ തദാ.
തുടകീറി പ്പിറന്നൊരു-
ശാസ്താവേ ശരണംസദാ.
കാലകാലപ്രിയസുതാ
പുണ്ഡരീകാക്ഷ നന്ദനാ.

ജയിക്കാവൂ നിൻെറ നാമ-
മിഹലോകത്തിലെങ്ങമേ

പ്രിയദൾശിനിയായീട്ടും
ഗജഗാമിനി മോഹിനി.

വാരിപ്പൂണന്ന നിൻരൂപ-
മാശ്രയം മന്നിനൊക്കെയും.

ആയ്യതാതാനിൻെറ പാദ-
താരിലെപ്പൊടിയായ ഞാൻ.

നിന്നെത്തന്നെ സ്തുതിക്കന്നു
നിത്യമാനന്ദ ദായകാ.

മാളികപ്പുറ മേറീട-
മമ്മതൻ പ്രിയസോദരാ.

അമ്പിളിക്കീറു ചൂടീട്ട-
മീശ്വരപ്രിയ നന്ദനാ.

മഹിഷീ മദ്ദനം ചെയ്യാൻ
മന്നിൽ നീവന്ന വീണനാൾ.

പുഷ്പവൃഷ്ടി തുടന്നല്ലോ
അംബരത്തിങ്കൽ ദേവകൾ.

മകരത്തിലെ യുത്രംനാൾ
പിറന്ന ജഗദീശ്വരാ.

മനസ്സിനെന്നു മന്വേഷ-
മേകണേപ്രിയ ദർശനാ.

തമോസത്വ ഗുണംചേൻ
പുത്തനാമൊരു രൂപമായ്.

മായയിൽത്താൻ പിറന്നോരു-
മനുജാശരണം സദാ.

പന്തളത്തിൽ വസിച്ചീടും
രാജരാജന്റെ പുത്രനായ്.

പന്തളേശാ നീ പിറന്നു
പമ്പയിൽ ശിവ പുത്രനായ്.

കഴുത്തിലദീശൻ കെട്ടിച്ച
മണിയാൽ മണികണ്ഠനായ്.

മഹാമതേ നീ പിറന്നു
പമ്പാതീരത്തിലേകദാ.

നിന്നെ വാരിപ്പുണർന്നല്ലോ
അദ്രികന്യക പാർവ്വതി.

നിന്നെക്കാവലിരുന്നല്ലോ
കാട്ടിലാ വനദേവത.

മകരദ്ധ്വജനെ കൊന്ന
ശിവനന്ദനമായ നീ.

കരിമ്പുലി പ്പുറത്തേറി
വന്നാലും ശിവനന്ദനാ.

വൻപുലിത്തോലുടുത്തീടും
വനമാലയണിഞ്ഞുമേ.

അരുളും നല്ലൊരയ്യപ്പാ
ശരണം ജഗദീശ്വരാ.

മഹിഷീമർദ്ദനം ചെയ്യാൻ
ജഗത്തിങ്കൽ പിറന്നു നീ.

മനുഷ്യനായ് കഴിഞ്ഞല്ലോ
മന്നിൽ പന്ത്രണ്ടുവത്സരം.

ചതിപ്പണികൊരുങ്ങീടും
മന്ത്രിതൻ ക്രൂരവൃത്തിയാൽ.

വനത്തിൽപോയി നീപണ്ടു
പുലിപ്പാലു കറക്കുവാൻ.
പോകും പോക്കിൽ മഹിഷിയെ
കാലനാട്ടില യച്ചുനീ.
പുലിപ്പുറത്തേറി മുന്ന-
മായിരം പെൺ പുലിപ്പട.
അകമ്പടികൾ സേവിച്ചു
പന്തളത്തിൽ വരുമ്പോഴേ.
പേടിച്ചൊളിച്ചേ നാമന്ത്രി
നിൻെറ ശക്തിയറിഞ്ഞുനാൾ.
അഗസ്ത്യമുനി കൂപ്പീടും
കാൽത്തളിർപ്പൂവിലെപ്പൊഴും.
അർപ്പിപ്പൂ ഞങ്ങളെല്ലാം ഹാ
ചിത്തമീശ്വര നന്ദനാ.
അഴുതാതീര ഭൂവിൽനീ
മഹിഷീ മർദ്ദനത്തിനാൽ
മഹസ്സേററി കീർത്തിപൂര-
ധാരയായ് വസിച്ചുനീ.
നിന്നെപ്പൂജിച്ചു സേവിപ്പ-
തൊന്നേ ഞങ്ങൾക്കൊരാശ്രയം.
മുനിപൂജിതനാം ദേവ
സതതം കാത്തു കൊള്ളണേ.
ബ്രഹ്മാനന്ദം മന്നിനേററി
നിന്നശങ്കര നന്ദനാ.
അരുളേണം ജഗത്തിന്നാ-
യനിശം സ്നേഹധാരനീ!

# ജഗദീശ്വരൻ

ഷൺമുഖ സഹജാ ഹരിഹരനേ
ചിന്മയനാകിയ ശംഭുജനേ
ശരണം നീയാണെന്നെന്നും
ശരണം മന്നിന്ദ്ര ജഗദീശാ.

ആശ്രിതവത്സല നീശ്വരനേ
ധാത്രീപ്രിയനേ ശംഭുജനേ.
ഛുരികാധരനാ മീശ്വരനേ
ശരണം നീയാണെന്നെന്നും.

ശത്രുജനങ്ങളെ യൊക്കെയും
ദുഷ്ടപ്പടകളെ യൊക്കെയും
വില്ലാലെയ്തുമറിച്ചവനേ
നിൻപദമല്ലോ ശരണംമേ.

പുലിവാഹനനായ് വന്നൂനീ
ജഗദധിനായകനല്ലോ നീ.
പൊന്നമ്പലമതിൽ വാണവനേ
നിന്നെത്തൊഴവേൻ ഹരസുതനേ
രുദ്രാണീപ്രിയനായവനേ
ഇന്ദ്രാണീ പ്രിയനായവനേ.

നിൻപദതളിരിൽ പൂവിതളാ-
ലെന്നെന്നും ഞാൻ പൂജിപ്പൂ.
അദ്രീശ്വര സുതയായിട്ടും
കാത്ത്യായിനിതൻ പ്രിയ സുതനായ്.
കൈലാസത്തിൽ വാണവനേ
അനിശം നിന്നെ പൂജിപ്പൂ.
കാന്താരത്തിൽ കളിയാട്ടം
മണികണ്ഠാ ശ്രീ മണികണ്ഠാ
മന്നിന്നുത്സവമേകണമേ
എന്നെന്നും നീ ഹരസുതനേ.
നീലാംബരധരനായിട്ടും
കരിമലവാസാ ജഗദീശാ.
പാണ്ഡിബ്രാഹ്മണ വത്സനായ്
വരമേകീടും ജഗദീശാ.
മന്നിനുശരണം നീയല്ലോ
സുന്ദരനാകും ശബരീശാ.
ദേവകളെല്ലാം പൂജിക്കും
പനിനീർപ്പൊൻ പാദത്തിൽ
കുമ്പിടുവാനായെത്തുന്നു
സന്തതമെന്നും ജഗദീശാ.

# ധർമ്മശാസ്താസ്തുതി

## ഉടുക്കടിപ്പാട്ട്

സത്യമായ പടിപതിനെട്ടും
കയറിവന്നിതാ ഞങ്ങളും.

കൂപ്പിടുന്നിതാ നിന്നെയിങ്ങിനെ
ശബരിമാമല യയ്യപ്പാ.

ആർത്തിനാശകനായിടും ജഗ-
ദീശ്വരാ ഹരി നന്ദനാ.

നീലിമാമല തന്നിലേറിടും
ഭൂതനായകാ സുന്ദരാ.

ലോകമീരേഴി നീശനായ്, ജഗ-
ദീശനായ്, ജനദാസനായ്.

വർണ്ണനിൻ കഥാ സാരസാഗര-
ഘോരവീചിയിൽ നീന്തുവാൻ.

എത്തിടുന്നിതാ ഭക്തിയോടെയി-
ന്നത്ഭുതാനന്ദ ദായകാ.

ശ്രീപരമേശ്വരന്റെ മായയിൽ
നീ ജനിച്ചു ശിവാത്മജാ

ദിവ്യരൂപനാ മീശ്വരാ നീയേ
മന്നിനെന്നും ശരണമേ.

ഭൂരിസന്തോഷ ദായകനായ
ശ്രീ പരമേശ നന്ദനാ.

ലോകമൊക്കെയും കാത്തുരക്ഷിക്കാൻ
നീ തുണയ്ക്കണമെപ്പൊഴും.

അദ്രിനന്ദിനി തൻ കരങ്ങളിൽ
നിദ്രകൊണ്ട ശിവാത്മജാ.

നിന്നെ വന്ദനം ചെയ്തിടുന്നിതാ
ദിവ്യരൂപനാ മീശ്വരാ.

പാൽക്കടലിലെ മങ്കയാം നിന്നെ
തൊട്ടിലാട്ടി വളത്തിനാം.

സ്തന്യമേകി നിനക്കു പാർവ്വതി
യിന്ദുനേർ മുഖിയിന്ദിര.

ആർത്തിദുഃഖ വിനാശനത്തിനായ്
പാർത്തലത്തിൽ ജനിച്ചു നീ.

ഘോരസംസാര സാഗരത്തിലായ്
നീന്തിടുന്ന ജനങ്ങളെ.

രക്ഷണംചെയ്യാ നിക്ഷിതിതന്നി-
ലർഭകനായ് പിറന്നു നീ

മന്നിനേകണേ ധർമ്മശാസ്താവേ
എന്നു മാനന്ദ ചിന്തകൾ.

# സ്വാമിയുടെ ജനനം

## ഉടുക്കടിപ്പാട്ട്

KOTTAYAM PUBLIC LIBRARY • KOTTAYAM.

ദുഷ്ടന്മാർക്കന്തകനായി
ശിഷ്ടന്മാർക്കീശ്വരനായി.
മന്നിൽത്താൻവന്നു പിറന്നൊരു
മണികണ്ഠാ ശരണം നീയേ.
നിൻ കഥകളഖില മുരയ്ക്കാ-
നെന്നാലിന്നാവുകയില്ലാ.
ശംഭുസുതാ നിൻ പദതളിരിൽ
കുമ്പിടുവാൻ മോഹമെനിയ്ക്കു്.
അത്ഭുതമാം വിക്രമമാർന്നൊരു
ശാസ്താവേ നിൻ കഥയഖിലം
അറിയാത്തവരല്ലോ ഞങ്ങൾ
അവനീശാ ഗതിയരുളേണം.
കർപ്പൂരപ്രിയനാം ദേവാ
മന്നിൻെറ കല്പകതരുവേ.
അത്ഭുതമാം വിക്രമമാർന്നൊരു
ത്വൽപ്പാദം തരണമെനിയ്ക്കു്.
അവനീശാ പാലയനിത്യം
പാകാരിപ്രിയനാംദേവാ.
പണ്ടൊരു നാളുമയോടൊത്തു
നായാടാൻ പോയൊരുമേശൻ.

കരിവടിവിൽ ലീലകളാടിയ
പൊഴുതിൻ പണ്ടുണ്ണി ജനിച്ചു.
കരിമുഖനാമുണ്ണി ഗണപതി
കഥപറയാൻ വരമരുളേണം.
ബ്രഹ്മാവിൻ പ്രിയ നന്ദിനിയായ്
പിന്നീടൊ ഭാര്യയുമായി.
മരുപ്പുന്നൊരു വാണീദേവി
കഥപറയാൻ വരമരുളേണം.
കളിയാട്ടക നാവിൻനിത്യം
കളവാണീ വാണീമാതേ.
പണ്ടല്ലോ ഹരിയുടെ മായാ-
മോഹിനിയെക്കണ്ടൊരു നേരം
പരമേശനൊരാശ ജനിച്ചു
മോഹിനിയോടൊത്തു രമിക്കാൻ.
മോഹിനിയും ശിവനും കൂടി
കളകേളികളാടിയ നാളിൽ.
മതിമോഹിനി മായാദേവി-
യതുനാളിൽ ഗർഭിണിയായി.
അക്കഥകളറിഞ്ഞൊരു ദേവക-
ളുൾപ്പുളക മാസ്വദിച്ചു.
ഗർഭിണിയാം മായയെദേവക-
ളപ്പൊഴുതേ വാഴ്ത്തിയനേരം.
മായക്കമനസ്സിനൊരുത്സവ-
മാശപാസ മതുത്തമമല്ലോ.

ശിവബീജമിതൊന്നു വഹിക്കാൻ
കഴിവുള്ളവളാരുലകത്തിൽ.

അതുകേട്ട മനസ്സുകളിത്തു
മായക്കോ മോഹവുമുണ്ടായ്

മാസങ്ങൾ പോയീഗർഭം
പരിപൂൎണ്ണമായൊരു നേരം.

പ്രസവത്തിനു വഴി കാണാഞ്ഞു
കരയുന്ന മതിമോഹിനിയെ.

കരതാരാൽ താങ്ങിയിരുത്തി
മതിമോഹനനാകിയദേവൻ.

തുടകീറി കൈത്തളിരാലെ
പൊന്നുണ്ണിയെ ശിവനുമെടുത്തു.

കയ്യപ്പനെന്നൊരു നാമം
അയ്യപ്പനായതുപിന്നെ.

ദേവകളും മാമുനിമാരും
മലരുകളാലൎച്ചനചെയ്തു.

ദേവേന്ദ്രനു കരളിനൊരുത്സവ-
മനുവേല മെന്തൊരുമായം.

ദേവകളെ നിങ്ങടെ ശത്രുവെ
എതിരിടുവാനുണ്ണിപിറന്നു.

കണ്ഠമണി ചാൎത്തിയൊരുണ്ണി
മണികണ്ഠ നെന്നറിഞ്ഞാലും.
മണികണ്ഠനെ യെന്തിഷ്ടിവനും
കൈലാസം തന്നിൽചെന്നു.
മയിൽവാഹനനാകിയ ദേവൻ
എലിവാഹനനാകിയദേവൻ.
ശ്രീഷൺമുഖനുണ്ണി ഗ്ഗണപതി
മണികണ്ഠനെ വന്ദിച്ചല്ലോ.
പാൎവ്വതിയുമാദരമോടെ
കരതാരാലുണ്ണിയെ വാങ്ങി.
ഉമപോററി വളൎത്തിയൊരുണ്ണി
രമപോററിവളൎത്തിയൊരുണ്ണി.
മണികണ്ഠാ ശ്രീമണികണ്ഠാ
പാദതളിരിൽ കൂപ്പാമടിയൻ.

1709

# സ്വാമിയുടെ വിദ്യാഭ്യാസം

പരമേശ്വരനാകിയ ദേവൻ
മണികണ്ഠനെ യരികിൽ വിളിച്ചു.

തലയിൽ കൈ വെച്ചുമെല്ലെ
വിദ്യകളുപദേശിച്ചു.

വേദങ്ങൾ നാലും, പിന്നെ
ശാസ്ത്രങ്ങൾ തന്നെയൊരാറും.

നല്ലോരു പുരാണവുമെല്ലാം
മകനായിട്ടുപദേശിച്ചു.

അസ്ത്രത്തിൻ വിദ്യകളെല്ലാം
ശസ്ത്രത്തിൻ വിദ്യകളെല്ലാം

അതിവേഗം കേട്ടു പഠിച്ചു.
മതിമോഹനനായിട്ടുണ്ണി.

ശിവഗീതകളൊക്കെയുമന്നാൾ
ശിവസുതനും കേട്ടൊരുനേരം.

പ്രിയനായ പിതാവിനെയോർത്തു
സുരനായകനുണ്ണി വളർന്നു.

ഗിരിജാകര ലാളനമേററു
മുനിവന്ദിത നുണ്ണിവളർന്നു.

ഹരിഹരനാം ശ്രീ ശാസ്താദേവ
വരമരുള്ക ഞങ്ങൾക്കെന്നും.
ഗിരിജാകര ലാളിതദേവാ
വരമരുള്ക ഞങ്ങൾക്കെന്നും.

ഉണ്ണിമണി ഗണപതിയൊത്തു
കളിയാടും ശ്രീ മണികണ്ഠാ.
മയിൽവാഹനനൊത്തു കളിക്കും
മണികണ്ഠാ തുണയരുളേണം.

എന്നെന്നും ലോകപിതാക്കൾ-
ക്കനേഷമേകിയ ദേവാ.
ഭൂതേശാ നിൻ ചരണത്തിൽ
പൂവിതളാലച്ചിക്കുന്നേൻ.

വരമരുള്ക ശബരിഗിരീശാ
വരമരുള്ക പമ്പാവാസാ.
വരമരുള്ക നീയെന്നെന്നും
മതിമോഹന ദേവകുമാരാ.

അഴുതാനദി തീരത്തായി
മഹിഷിയെയും കൊലചെയ്യുവനേ.
പുലിവാഹനനാകിയ ദേവാ
സതതം നീ യഭയമെനിക്കു്!

# ശരണമയ്യപ്പാ

അന്നനട—രീതി.

---

ശരണമെന്നെന്നും ശരണമെന്നെന്നും
സകലപൂജിതാ ശരണമയ്യപ്പാ.
മുനിജനസ്തുതാ സകലവന്ദിതാ
ശരണമെന്നെന്നും ശരണമയ്യപ്പാ.
അഗതിയായൊരു ജഗത്തിനൊക്കെയു-
മഭയമേകണേ ശരണമയ്യപ്പാ.
പലജനത്തിനു മുണർവ്വുനൽകിനീ
പുലിപ്പുറത്തേറി വരുന്നൊരയ്യപ്പാ.
മലകളും കാടും കടന്നുപോയിനീ
ജഗത്തിനുത്സവ മരുളുമയ്യപ്പാ.
ശരണമെന്നെന്നു മുലകിനൊക്കെയും
ശരണമെന്നെന്നും ശരണമയ്യപ്പാ.
അഖിലലോകവു മടക്കിവാണുനീ
അഖിലലോകത്തിനുണർവ്വു നൽകിനീ.
പുലിപ്പാലും തേടി വനത്തിൽ പോയിനീ
പുലികളെ യാട്ടിത്തെളിച്ചു വന്നുനീ.
ശരണമെന്നെന്നും ശരണമെന്നെന്നും
സകലപൂജിതാ ശരണമയ്യപ്പാ.

അതിഭയങ്കരി മഹിഷിയെക്കൊന്നു
അഖിലലോകത്തെ യടക്കി വാണുനീ.

മുനിജനസ്തുതാ ശബരിമാമല
ശരണമെന്നെന്നും ശരണമയ്യപ്പാ.

മനുഷ്യപുത്രനായ് ജഗത്തിനീശനായ്
ജയക്കൊടികളു മുയൎത്തിവാണുനീ.

അഴുതയാംനദീ തടത്തിലേകദാ
മഹിഷിയെക്കൊന്നു കുഴിച്ചുമൂടിനീ.

കറുത്തവസ്ത്രവു മിരുമുടിക്കെട്ടും
കരത്തിലായ് ശരം തൊടുത്തവില്ലുമായ്.

കരിമ്പുലികളങ്ങലറിയെത്തിടും
വനത്തിലങ്ങിനെ രസിച്ചു വാണുനീ.

ഗുണഗണനിധേ ചരാചരാത്മകാ
ജഗത്തിനൊക്കെയും വരങ്ങളേകണേ.

വിബുധസേവിതാ മുനിജനസ്തുതാ
അഗസ്ത്യസേവിതാ ശരണമയ്യപ്പാ.

ശരണമെന്നെന്നും ശരണമെന്നെന്നും
സകലപൂജിതാ ശരണമയ്യപ്പാ.

ഉമയും, സുന്ദരി രമയും പോററിയ
ജനപ്രിയാ നിൻെറ ചരണപങ്കജം.

സകലപാപവും ഹരിക്ക മെന്നുഞാ-
നറിഞ്ഞു നിത്യവും ശരണമയ്യപ്പാ.

പുലിപ്പുറത്തേറി യിരിപ്പുറപ്പിച്ച
ശിവസുതാ നിന്നെ നമിച്ചീടുന്നിതാ.

സകലദുഃഖവും ഹരിച്ചുകൊള്ളണേ
വിബുധസേവിതാ ശരണമയ്യപ്പാ.

ത്രിഭുവനാർച്ചിതാ ത്രിപുരവന്ദിതാ
ത്രിപുരവൈരിതൻ മനോജ്ഞനന്ദനാ.

ശരണമേകണേ ശരണമെന്നെന്നും
ശരണം നീയല്ലോ ശരണമയ്യപ്പാ.

ഇരുമുടിക്കെട്ടു മണിഞ്ഞുകാട്ടിൽനീ-
യലഞ്ഞുപണ്ടുപണ്ടഘോരഭയാനകം.

നിനക്കു കൂട്ടിനായണഞ്ഞു വാപരൻ
കടുരവൻ സദാ ശരണമയ്യപ്പാ.

പുരാണവന്ദിതാ പുരാണ പൂരുഷാ
പുരാണ സേവിതാ പുരാതനപ്രിയാ.

ശരണമേകണേ ശരണമേകണേ
ശരണമെന്നെന്നും ശരണമയ്യപ്പാ.

അഖിലവന്ദിതാ നിഖില രക്ഷകാ
അഭീഷ്ടദായകാ ഹരിഹരപ്രിയാ.

അഭിമതങ്ങളെ യരുളിടേണമേ
അനുദിനം സദാ ശരണമയ്യപ്പാ.

പുലിപ്പുറത്തേറി മരുവിടും നിൻെറ
കഥയുരയ്ക്കുവാൻ പണിയനന്തനും.

ത്രിഭുവനങ്ങളെ യടക്കിവാഴുന്ന
പ്രഭോ ശിവസുതാ ശരണമയ്യപ്പാ.

ഗുരുജനങ്ങളാൽ പരിജനങ്ങളാൽ
പ്രിയജനങ്ങളാൽ സ്തുതനായിനിത്യം.

ശബരിമാമല യരുളുമയ്യനേ
അടിമലരുകൾ ശരണമയ്യപ്പാ.

സതതമീമന്നിന്നഖില വസ്തുവു-
മരുളി, വന്മലയിരുന്നരുളിനീ.

പടിപതിനെട്ടും കടന്നു വന്മല-
മുകളിലങ്ങിനെ യിരിയ്ക്കുമയ്യപ്പാ.

ശരണമെന്നെന്നും ശരണമെന്നെന്നും
ശരണമെന്നെന്നും ശരണമയ്യപ്പാ.

ചരിതം നിൻെറയാച്ചരിതമോക്കവേ
ചിരിച്ചുതുള്ളിടും കടകപ്പാലകൾ.

വനത്തിലുള്ള വന്മരങ്ങളൊക്കെയും
കുതുഹലവുമായ് കഴിഞ്ഞേനയ്യപ്പാ.

രമക്കും ഗൌരിക്കും കരൾക്കാമ്പിൽ പുതു
കുതുകമേകിനീ വളൎന്ന നാളുകൾ.

കഴിഞ്ഞ കാലങ്ങളതോൎത്തു നിസ്വവും
പുളകംകൊള്ളുന്നു ശരണമയ്യപ്പാ.

ഗിരീശനന്ദനാ വിബുധസേവിതാ
സഫലമാക്കണേ മനുഷ്യജീവിതം.

ഇഹപരങ്ങളി ലഭയമേകണേ
ചരണപ്പൂവുകൾ ശരണമയ്യപ്പാ.

ശരണമേകണേ ശരണമെന്നെന്നു
ശരണമേകണേ ശരണമയ്യപ്പാ.

അഗതികൾ ഞങ്ങളഖിലരും നിന്റെ
ചരിതമോൎത്തോൎത്തു കഴിഞ്ഞിടുന്നിതാ.

ആകലെപ്പമ്പയി, ലഴുതയിൽ, കരി-
മലയി, ലാനീലി മലയിലങ്ങിനെ

സതതം നിന്നെയും തിരഞ്ഞലയുന്നു
ശരണമേകണേ ശരണമയ്യപ്പാ.

എവിടെ നീളരെ ശ്ശബരിമാമല-
പതിപതിനെട്ടും കടന്നുവന്നിട്ടും.

അഭയമേകുവാൻ അടിമലരുക-
ളനിശമോൎക്കുന്നു ശരണമയ്യപ്പാ.

അഖിലലോകവും പുകളെഴുന്നപൊൻ
മണിയുമങ്ങിനെ യണിഞ്ഞുനിത്യവും.

മണികണ്ഠാ ദൂരെ വനത്തിൽ വാഴുംനീ
യഭയമേകണേ ശരണമയ്യപ്പാ.

ജഗത്തഖിലവും പുകഴ്ത്തും നിൻെറയ-
ക്കഥയറിയാത്ത മഹീശപത്നിയും.

മദമൊഴിഞ്ഞുനിൻ പദതളിർക്കൂപ്പും-
കഥയുരച്ചിടാം ശരണമയ്യപ്പാ.

അഖിലരക്ഷകാ മുനിജനസ്തുതാ
ശരണമെന്നെന്നും ശരണമയ്യപ്പാ.

പുലിപ്പുറത്തിരു ന്നരുളുമയ്യപ്പാ
ശരണമെന്നെന്നും ശരണമയ്യപ്പാ.

തവപദങ്ങളി ലടിയൻചെയ്യൊരു
പിഴകളൊക്കെയു മിറക്കിവെക്കുവാൻ

അഭയമേകണേ സദയമെന്നെന്നും
ശരണം നീയല്ലോ ശരണമയ്യപ്പാ.

ശരണമെന്നെന്നും ശരണമെന്നെന്നും
ശരണമെന്നെന്നും ശരണമയ്യപ്പാ.

# വരമരുളുക

## ഉടുക്കടിപ്പാട്ട്

പുകളേറും കഥകളുരയ്ക്കാൻ
ഗിരിജാസുത വരമരുളേണം.

മതിമോഹനനാകിയ ദേവാ
അനിശം നീ വരമരുളേണം.

ഗൌരീകര ലാളിത ദേവാ
പരമേശാ വരമരുളേണം.

ശബരിമലക്കീശ്വരനാകും
ശബരീശാ വരമരുളേണം.

ചാപധരാ പൊന്നയ്യപ്പാ
നിർമ്മലനേ വരമരുളേണം.

കഷ്ടതകളകലാനെന്നും
ഭക്തപ്രിയ വരമരുളേണം.

ഇന്ദ്രാദിപ്രിയ നയ്യപ്പാ
സതതം നീ വരമരുളേണം.

പുലിവാഹനനാമയ്യപ്പാ
പുതുമോദാൽ വരമരുളേണം.

ഗണപതിതൻ സോദരനായിടു-
മയ്യപ്പാ വരമരുളേണം.

കലികാല മലങ്ങളകററും
ശബരീശാ വരമരുളേണം.

പമ്പാനദി തീരേവന്നു
പിറന്നവനേ വരമരുളേണം.

നാരദമുനി സേവിതനാകും
ശബരീശാ വരമരുളേണം.

ഹരിഹരർത്തൻ നന്ദനനാകിയ
ശബരീശാ വരമരുളേണം.

അവനീജന പാലനമേകും
സുരനായക വരമരുളേണം.

അമരപ്രിയനാകിയ ദേവാ
അനിശം നീ വരമരുളേണം.

സുരമോഹിനി മോഹിനിയാളുടെ
മകനേ നീ വരമരുളേണം.

ദാമോദര സുതനാം ദേവാ
ശബരീശാ വരമരുളേണം.

ദുഃഖങ്ങളൊക്കെ യകററാൻ
നിത്യം നീ വരമരുളേണം.

അവനീശാ പാലയനിത്യം
ഭുവനേശാ പാലനിത്യം.

# ജഗൽപിതാവ്

(അനുഷ്ടുപ്പ്-ഛന്ദസ്സ്)

KOTTAYAM PUBLIC LIBRARY
KOTTAYAM

സർവ്വപൂജ്യം ജഗൽസേവ്യം
സർവ്വേശം ലോകനായകം.

സതതം തൽപദം വന്ദേ
ഭൂതനായക മീശ്വരം.

അവനീപാലനം ചെയ്യു-
മനന്തജഗദീശ്വരം.

സന്തതം തൽപദം നിത്യം
വന്ദേയ ദേവനായകം.

സുരപൂജിതനയ്യപ്പാ
തവപാദ സരോരുഹം.

മനസ്സിനുള്ളിൽ മധുരം
പകർന്നിടണമെപ്പോഴും.

വിശാല പമ്പാതീരത്തിൽ
പ്രിയദർശനനായി നീ.
ജനിച്ചു പന്തളേശന്റെ
പുണ്യതാരകമാതിരി.

നിന്നെക്കാട്ടിലയച്ചല്ലോ
മന്ത്രിതൻ ദുഷ്ടചിന്തയാൽ.

വനം നിനക്കുകൊട്ടാരം
മരങ്ങൾ പ്രിയതോഴരും.

ക്രൂരെക്കരിമ്പുലിക്കൂട്ട-
മാക്രമിപ്പതിനെത്തവേ.

പ്പുലിയങ്കം വെട്ടിയല്ലോ
ജയിച്ചു നീ ജഗൽപ്രിയൻ.

ജഗത്തിനെല്ലാ മാധാര-
മായ പുണ്യപുരാതനാ.

നിൻെറ കാൽത്തളിരിൽ പൂത്തു
നില്ക്കുന്നു ഭുവനത്രയം.

അമരാധീശനയ്യപ്പാ
ഭുവനാധീശ നീശ്വരാ.

തല്പദങ്ങളിലാലോല-
ചിത്തമർപ്പിപ്പു സർവ്വദാ.

നീയേ ലോകത്തിനൈശ്വര്യം
പകരും പ്രിയ മാനസൻ.

നിൻജയക്കൊടിയേ ധർമ്മം
നിൻകഥാ മൃതമുത്സവം.

അനിശം ഭക്തലോകത്തി-
നുത്സവം നൽകമീശ്വരാ.

38863

പുരാണപുരുഷാ നിന്നെ
ക്കൂപ്പിടാമെന്നു മീശ്വരാ.

വൻപുലിമേത്താല്യട്ടത്തിട്ടും
മണിമാല യണിഞ്ഞുമേ.

മണികണ്ഠാ നീ ജയിച്ചു
ഭൂവിനുത്സവ മെന്നപോൽ.

കാളവേതാളമെന്നെന്നും
സേവചെയ്യുന്നു നിൻപദം.

വീരഭദ്രൻ വാപുരനും
ഭല്ലാരൻ കടുന്നിനാദനും.

ഭക്തിയാൽ സേവചെയ്യുന്നു
ത്വൽപദങ്ങളി ലങ്ങിനെ.

ചിൽപുമാനാം ഭൂതനാഥാ
നിത്യമാശ്രയ മേകണേ.

ശബരിക്കുഭയം നൽകി
ശ്ശബരീ മലതന്നിലായ്.

വിളയാട്ടും വിഷ്ണുപുത്രാ
ശുഭമേകണ മെപ്പൊഴും!

38863

# അയ്യപ്പസ്വാമി

തെക്കുതെക്കുണ്ടൊരു രാജധാനി
പന്തളമെന്നൊരു രാജധാനി.

ആരാജ്യമൊക്കെയും കാത്തരുളും
രാജാവു മക്കളില്ലാതെയേററം.

വേദനിച്ചീടുന്ന നാളിലല്ലോ
ശ്രീമണികണ്ഠൻ പിറന്നു മന്നിൽ.

മോഹിനീ പുത്രനായ് ദേവനായി
മഹിഷിയെ കൊല്ലാനവതരിച്ച
മണികണ്ഠൻ കൈലാസ പുണ്യഭൂവിൽ
ലോകപിതാക്കളോത്തു വാണു-
കാലംകഴിഞ്ഞുപോയ് വീണ്ടുമന്നാൾ

ഉണ്ണികളില്ലാത്ത ദുഃഖമാർന്നു
കണ്ണീരുമായി കഴിഞ്ഞു രാജൻ

നായാട്ടിനായിതൻ മന്ത്രിയൊത്തു
കാനനദേശേ ഗമിച്ച നാളിൽ.

നായാട്ടുചെയ്തു തളർന്നരാജൻ
പമ്പാനദീതടേ വിശ്രമിച്ചു.

മന്ത്രിയോടൊത്തു തണൽപ്പരപ്പിൽ
പിന്നെയും മെല്ലെ നടന്നിടുമ്പോൾ.

ആ നദീതീരത്തിലുണ്ടൊരുണ്ണി
കൈകാൽ കുടഞ്ഞു കളിച്ചിടുന്നു.

ഉണ്ണിതൻ കണ്ഠത്തിലുണ്ടുനല്ല
പൊന്മണി മാല തിളങ്ങിടുന്നു.

എന്തൊരു ചന്തമീപ്പൊന്മകന്നു
എന്തു തിളക്കമീ പ്പൊൻമകന്ന്.

ഉണ്ണിയെ വാരിയെടുത്തുരാജാ-
വായിര മായിരമുമ്മവെച്ചു.

മണികണ്ഠനെന്നൊരു പേരുമിട്ടു
നഗരത്തിലേക്കുടൻ കൊണ്ടുപോയി.

അത്ഭുതവാർത്ത പരന്നുനാട്ടിൽ
രാജാവിനുണ്ണിയെ കിട്ടിയല്ലോ.

തങ്കനിറമുള്ള നല്ലൊരുണ്ണി
ആനന്ദമൂർത്തിയാം നല്ലൊരുണ്ണി.

ആ നാട്ടിലുള്ള ജനങ്ങളെല്ലാം
ആനന്ദ സ്തബ്ധരായ് നിന്നുപോയി.

ആ രാജശേഖരൻ തുഷ്ടനായി
ആനന്ദമോടെ ദിനങ്ങൾ പോക്കി.

അത്ഭുതദേവനാം ദേവദേവാ
ത്വൽപക്രു പങ്കജ ധ്യാനലീനൻ.

ഞാനിതാ കൈക്കൂപ്പി നിന്നിടുന്നു
ആനന്ദരൂപാ വരമരുളൂ.

താരകബ്രഹ്മമായ് മിന്നിടുന്ന
ഭൂതേശ നിത്യമനുഗ്രഹിക്കൂ.

ഈശനും വിഷ്ണുവുമോമനിച്ച
ഭൂതേശനിൻെറ മഹിമയെല്ലാം.

വാഴ്ത്തുവാനാക്കം കഴിയുകില്ലാ
ശ്രീമണികണ്ഠാ മനോജ്ഞരൂപാ.

അമ്പിളിക്കീറു ധരിച്ചദേവൻ
അമ്പോടു നിന്നെപ്പുണന്നനേരം.

ആനന്ദമഗ്നനായ് നിന്നൊരുണ്ണീ
നീതന്നെ യീയെന്നെക്കാത്തിടേണം.

ഗൌരിയും ലക്ഷ്മിയുമോമനിച്ച
താവകപുണ്യ മനോജ്ഞരൂപം

ധ്യാനിച്ചു നിത്യവും കൺകുളിക്കാൻ
ഭൂതേശ നീ വരമേകിടേണം.

പമ്പയെത്ര്യക്ഷിണ ഗംഗയാക്കി
തമ്പുരാനാംനീ മഹീശപുത്രാ.

പാത്തുമ്മാ തൻമകൻ വാവരൊത്തു
കൂട്ടുകൂടീടിന തമ്പുരാനേ.

മാനവധർമ്മ ജയക്കൊടിയീ
മന്നിലുയർത്തിയ ചില്പുമാനേ

ദുഷ്ടവിഷവൃക്ഷക്കൂട്ടമെല്ലാം
വെട്ടിയരിഞ്ഞൊരു തമ്പുരാനേ.

വൻപുലിയങ്കം, കടുവയങ്ക-
മെല്ലാം പഠിച്ചൊരു ചിൽപുമാനേ.

അക്ഷയജ്യോതിസ്സേ നിന്റെ കാൽക്കൽ
നിത്യവും കുമ്പിടാമേഴയാം ഞാൻ.

തൃക്കാൽത്തളിരി ലെനിക്കഭയം
നിത്യമേകേണമേ ദൈവമേനീ!

# ശരണം വിളിക്കുവിൻ

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ദേവദേവൻ.

അസുരഗണങ്ങളെ യൊന്നായ് നിഹനിച്ച
അസുരാന്തകനല്ലോ ദേവദേവൻ.

വൃശ്ചികമാസം തുടങ്ങുംദിനം മുതൽ
മണ്ഡലമാസ മണയുമല്ലോ.

നാല്പത്തിയൊന്നുനാളാണല്ലോ മണ്ഡലം
ധനുപതിനൊന്നു വരേയ്ക്കുമല്ലോ.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ദേവദേവൻ.

പമ്പതൻ തീരത്തു മന്നിൽകിടക്കുന്നൊ-
രുണ്ണിയെ നിത്യവും കൈതൊഴുന്നേൻ.

പന്തളാധീശനായ് വാണമനോഹര-
നന്ദനൻ തന്നെഞാൻ കുമ്പിടുന്നേൻ.

മണ്ഡലകാലം തുടങ്ങിയാൽ സ്വാമിതൻ
ഭക്തന്മാർ മാലയണിഞ്ഞിടേണം.

വസ്ത്രം കറുത്തതുടക്കണം നല്ലൊരു
പൊൻശരക്കോലും കരത്തിൽവേണം.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ദേവദേവൻ.

അക്ഷികൾക്കാനന്ദമേകും ത്രിഭുവന-
രക്ഷകനാണല്ലോ ദേവദേവൻ.

ശുദ്ധമായ് ഭക്ഷണമെന്നും കഴിക്കണം
നോൽമ്പെടുത്തീടണമെന്നുമെന്നും.

പടിപതിനെട്ടും കയറിടുമ്പോഴുമേ
ശരണമീ ശബരിഗിരീശനല്ലോ.

ഭക്തരേധർമ്മപരായണരാകുവിൻ
സ്വാമിതൻ മുദ്രയോധർമ്മമല്ലോ.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണംവിളിക്കുവിൻ കൂട്ടുകാരേ.

അജ്ഞാനമൊക്കെയും നീക്കുവാൻ ശക്തനാം
ചില്മയനാകിയ ഭൂതനാഥൻ.

നിത്യവും ഭക്തിയാനന്ദം കഴിയുവിൻ
ഭക്തോത്തമന്മാരേ നിങ്ങളെല്ലാം.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ദേവദേവൻ.

ഷ്രങ്ദമധൎമ്മം തലയുയൎത്തുമ്പൊഴും
തമ്പുരാനെത്താൻ മനസ്സിലോൎക്കിൻ.

വാവരോടൊത്തു കഴിഞ്ഞിടുമയ്യനെ
ഭീതരാകുമ്പോൾ മനസ്സിലോൎക്കിൻ.

ധൎമ്മശാസ്താവിന്റെ നാമജപത്തിനാൽ
ശൎമ്മംമനസ്സിനുണ്ടായ് വരട്ടെ.

ശ്രീവീരഭദ്രനുമൊത്തു വസിക്കുന്ന
ദേവനെ നിത്യവു മോൎത്തുകൊൾവിൻ.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ദേവദേവൻ.

അദ്രീശനന്ദിനിയായിടും പാൎവ്വതി
പാലൂട്ടിപ്പോററിയ തമ്പുരാനേ.

ഖേദമകററണേ മന്നിനുനിത്യവും
ശ്രീ ഭൂതനായകാ കൈതൊഴുന്നേൻ.

കാടും മലയും കടന്നുപോയ് ദൂരത്തു
നല്ല ശബരി മലമുകളിൽ.

മേവുന്നഭൂതേശ നിൻപാദതാരിലെ
പൂമ്പൊടിയാകാൻ കൊതിപ്പൂഞങ്ങൾ.

നല്ലോരിരുമുടി കെട്ടുമായ് കൈകളിൽ
പൊൻതലപ്പുള്ളൊരു ശൂലവുമായ്
ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ഭൂതനാഥൻ.

കാട്ടുമൃഗങ്ങൾ നിറഞ്ഞ വനാന്തരം
ശ്രീമണികണ്ഠന്റെ സാമ്രാജ്യം.

എല്ലാരുമൊത്തു ശരണം വിളിക്കുവിൻ
നിങ്ങളെല്ലാവരും കൂട്ടുകാരേ.

വൻപുലിതന്നെ പുറത്തിരുന്നും, കയ്യി-
ലമ്പുമാ വില്ലുമെടുത്തുകൊണ്ടും.

കളിയാടിയെത്തുന്ന പരമേശനയ്യനെ
മനുജരേ നിത്യവും കുപ്പിയാലും.

പമ്പതൻ തീരത്തു വന്നുപിറന്നൊരു
സുന്ദരരൂപനാ മൂർത്തിനിന്നെ.

കൈകൂപ്പി നില്പൂയാം ലോകമഖിലവും
ശ്രീ ഭൂതനായകാ കൈതൊഴുന്നേൻ.

ശരണംവിളിക്കുവിൻ ശരണംവിളിക്കുവിൻ
ശരണപ്രിയനല്ലോ ഭൂതനാഥൻ!

# ജഗൽപിതാവ്

ശബരിയ്ക്കുമോക്ഷം കൊടുത്തുദാരെ
ശ്ശബരീമലയിലിരുന്നവനേ

കാട്ടുപുലികളോടങ്കമാടി
വാഹനമായ്ത്തീത്ത ഭൂതനാഥാ.

മംഗല്യമൂത്തിയാം നീതാനല്ലോ
മന്നിതിന്നാശ്രയമെന്നുമെന്നും.

പണ്ടുമാദേവിനിൻ കൈത്തളിരാൽ
നിന്നെയെടുത്തു വളത്തിയല്ലോ.

ലോകത്തിനൊക്കെയധീശ്വരനായ്
നീ മന്നിൽവാണ ജഗൽപിതാവേ.

ആശ്രയം നിൻപദ പങ്കജംതാ-
നാശ്രയം ലോകത്തിനെന്നുമെന്നും.

ആത്മപ്രിയനായ തമ്പുരാനേ
ഈശ്വരബീജാൽ ജനിച്ചവനേ.

ഈശ്വരീ പുത്രനായ് വാണവനേ
ആശ്രയം നീതന്നെ യെന്നുമെന്നും.

ശത്രുജനങ്ങളെ കൊന്നുവീഴ്ത്തി
അത്ര്യാദിമാമുനി സേവ്യനായി

ഗംഗാപ്രിയം കരനായിമന്നിൽ
ഗംഗാധര സുതാ നീ ജനിച്ചു.

മന്ത്രിതൻക്രൂരപ്രവൃത്തിയെല്ലാം
തമ്പുരാനാം നീ യറിഞ്ഞുവല്ലോ.

വൻപുലിപ്പാലു കറന്നെടുക്കാൻ
കാന്താരദേശേ നീ പോയേനല്ലോ.

പമ്പാനദീതീര ഭൂവിലല്ലോ
തമ്പുരാനേ നീ പിറന്നമന്നം.

ഈരേഴലോകത്തി നീശനായി
ഈശ്വരൻ തൻപ്രിയ നന്ദനനായ്.

ദേവനീ മന്നിൽപിറന്നകാലം
ദേവകൾ പൂക്കളാൽ വൃഷ്ടിചെയ്തു.

ദേവകൾ തൻജര തീക്കുവാനായ്
പണ്ടുപാലാഴി കടഞ്ഞനാളിൽ.

കിട്ടിയചന്ദ്രക്കലയണിയും
ചന്ദ്രചൂഡാത്മജനായ ദേവാ.

ഭൂതേശ നിൻെറ പദതളിരിൽ
ആയിരം പൂക്കളാൽ പൂജചെയ്യു!

# കരിമലയിൽ

പടിപതിനെട്ടും കയറിയിരിയ്ക്കും
ഹരിഹരനന്ദന നായവനേഹരി.

കരിമലകയറി കടുവളെത്താൻ
അങ്കംവെട്ടി ജയിച്ചവനേഹരി.

സുരവരപൂജിതനായി വിളങ്ങിടു-
മമിതാനന്ദ യശോധനനേഹരി

അത്രിതുടങ്ങിയ മാമുനിമാരുടെ
സ്തോത്രം കേട്ടു കഴിഞ്ഞവനേഹരി.

മഹിഷീമർദ്ദനമതിനായ് മന്നിൽ
മാനവനായിത്തീർന്നവനേ ഹരി.

ഈശപരിതൻ കരലാളിതനായ് കൈ-
ലാസത്തിങ്കൽ വാണവനേ ഹരി.

കാനനദേശേ കൂട്ടിന്നനിത്യം
വാപരനൊത്തു കഴിഞ്ഞവനേ ഹരി.

കരിമല കയറും നാളിൽനിത്യം
കടുരവനൊത്തു കഴിഞ്ഞവനേ ഹരി.

അഗജാസുതനേ ഹരിഹരസുതനേ
ഇന്ദിരതൻ സുതനായവനേ ഹരി.

ജഗദധീനായകനാകിയ ദേവാ
പുരഹരവരസുതനായവനേ ഹരി.

ഉമതൻകരപരി ലാളിതനേ ഹരി
രമതൻ കരപരിലാളിതനേഹരി.

ദീപാരാധന കണ്ടുരസിക്കും
പീതാംബരധര സുതനേ ഹരിഹരി.

തിരുമുഖദർശന മരുളേണംനീ
പുലിവാഹനനായ് തീർന്നവനേഹരി.

ഓങ്കാരാത്മകനാകിയ ദേവാ
സങ്കടമെല്ലാം തീർക്കണമേഹരി.

നെയ്യഭിഷേക പ്രിയനല്ലോനീ
അമ്പലവാസാ ഹരിഹരസുതനേ.

ത്രിപുരാധീശ്വരനായവനേ ഹരി
ജഗദഭിവാദ്യം ചെയ്യുവനേഹരി.

പുലിവാഹനനേ ശരണപ്രിയനേ
വരമരുളീടുക സ്വാമീഹരിഹരി.

പടിപതിനെട്ടും കയറിയിരിക്കും
ഹരിഹരനന്ദന നായവനേ ഹരി!

# മണികണ്ഠ സ്തോത്രനവകം

(അനുഷ്ടുപ്പ് - മന്ദഗതി)

---

വീരവാപരനോടൊപ്പം
കാനനാന്തേ വസിച്ചിടും
ആര്യതാതാനിനക്കെന്റെ
മപ്പിപ്പൂക്കുപ്പുകൈകൾ ഞാൻ.

ശബരീവാസ ഭൂവിൽനീ
നിവസിച്ച മനോഹരാ.
പൂതമാംനിൻ പാദപത്മ-
മാശ്രയം മമ നിത്യവും.

വിശ്വവിഖ്യാതനാമീശാ
മഞ്ചമാതാവൊടൊത്തുനീ.
ശബരീമലയിൽ വാണു
ലോകക്കാനന്ദമേകുവാൻ.

വിശ്വവിഖ്യാതനായീടും
മണികണ്ഠാ തൊഴുന്നുഞാൻ.
സത്വമൂർത്തേ തമോമൂർത്തേ
സന്തതം കുമ്പിടുന്നുഞാൻ.

ശുദ്ധരിൽ ശുദ്ധനായ് നിത്യം
കരിവന്മല കേറുവാൻ.

കൊതിപ്പൂധമ്മ ശാസ്താവേ
തവപാദത്തിലെത്തുവാൻ.

ശത്രുക്കളെക്കൊന്നു മൂടി
പുലിതൻമേലെ യേറിനീ.

വാമദേവ സുതാപണ്ടു
വന്നല്ലോ പന്തളത്തിൽനീ.

ദുഷ്ടയാം മഹിഷികളെല്ലാ
രൌദ്ധത്യത്തെ കളഞ്ഞിടാൻ.

ശക്തനാം ശബരീശാനീ
യെത്തിവന്മല തന്നിലായ്.

ഘോരമാകിയ സംസാര-
സാഗരത്തിലെ വെൺതിര.

വിഴുങ്ങാനെത്തിടുന്നല്ലോ
രക്ഷിക്കു ശബരീശപരാ.

എന്നുമുള്ളിൽ നിനയ്ക്കുന്നു
തവതൃപ്പാദ പങ്കജം.

നിൻെറ പാദത്തിലീയെന്നെ
ച്ചേക്കണേ ശങ്കരാത്മജാ!

# ശക്തിപൂജ

## ഉടുക്കടിപ്പാട്ട്

KOTTAYAM PUBLIC LIBRARY
KOTTAYAM

ദൂരെമാമല തന്നിൽ മേവിടും
ശ്രീ പരമേശ നന്ദനാ
ഭക്തിദായകാ മുക്തിദായകാ
നിന്നെയെന്നെന്നും കൈതൊഴാം.

കാളികൂളി ഗണങ്ങളോടൊത്തു
നീലിമാമല തന്നിലായ്.
വാണിടും പരമേശ്വരാത്മജാ
നീ തുണയ്ക്കണമെപ്പോഴും.

നിത്യനിർമ്മലാ നിൻപദങ്ങളി-
ലെത്തുവാൻ കൊതിയാർന്നിതാ.
നിന്നിടുന്നു ഞാൻ ധർമ്മശാസ്താവേ
നിന്നെയെന്നെന്നും കൈതൊഴാം.

വൻപുലിപ്പുറത്തേറിയെത്തിടും
നിർമ്മലാഹരി നന്ദനാ.
വാഴ്ത്തീടുന്നിതാ നിൻപദംങ്ങളെ
ഭക്തരാകുമീ ബാലകർ.

അഞ്ജന ശ്രീധരപ്രിയാ ചാരു-
സുന്ദരാ ജഗദീശ്വരാ.

നിൻ പദങ്ങളാണെന്നു മാശ്രയ-
മീജഗത്തിന്നു നിത്യവും.

വിശ്വവിഖ്യാതനായ നിൻപദ-
സ്തുത്യപങ്കജപ്പൂവുകൾ.

ആൎത്തിയെല്ലാം ഹരിച്ചു സൽധൎമ്മ-
പൂൎത്തിമന്നിന്നു നൽകണേ.

വൻപുലികൾ കരിമ്പുലികളും
മേഞ്ഞിടുന്ന വനങ്ങളിൽ.

തമ്പുരാൻ നീ കളിച്ചുവാണൊരാ
പമ്പതൻ തടഭൂമിയിൽ.

എത്തുവാനായ് കൊതിച്ചുനില്ക്കുന്നു
നിത്യവും ജനകോടികൾ.

വീരഭദ്രനോടൊത്തുമേവിടും
ശ്രീ പരമേശ നന്ദനാ.

ത്വൽപ്രസാദം ലഭിക്കുവാനിതാ
കാത്തുനില്ക്കുന്ന ഞങ്ങളെ.

കാത്തിടേണമേ നിത്യമീശ്വരാ
കാൽത്തളിരിൽ നമിച്ചിടാം.

താരകബ്രഹ്മമൂൎത്തിയാം ഭവാൻ
ഏകണേ നല്ലനുഗ്രഹം.

ഇത്രിഭുവന വന്ദിതനായ
സ്തുത്യനാമീശ നന്ദനാ.
കാനനാന്തര വീഥിയിൽ കളി-
യാടിടും ശിവാനന്ദനാ.

കൃഷ്ണമായിടുമംബരം ചാത്തി
നല്ലിരുമുടി കെട്ടുമായ്.

കയ്യിലമ്പുമായ് ഘോരകാന്താര-
ഭുവിൽനീ നടക്കമ്പൊഴും.

നിൻെറ കാൽത്തളിരുമ്മവെയ്ക്കുവാൻ
വന്നുനിന്ന ജനാവലി.

ഭക്തിപൂർവ്വം തൊഴുന്നിതീശ്വരാ
താൽപദങ്ങളെ നിത്യവും.

പഞ്ചഭൂതത്തെയൊക്കെയും ജയി-
ച്ചീടുമാനന്ദ വിഗ്രഹാ.

കാത്തരുളണേ കാത്തരുളണേ
ആത്തത്രാണ പരായണാ.

സന്തതം മമ ചിത്തഭൂവിലായ്
തമ്പുരാൻ നീ വിളങ്ങണം.

ഏഴവന്മലയ്ക്കപ്പുറത്തുപോയ്
കാനനത്തിലിരുന്നുനീ.

വൻതപശ്ശക്തിയാലെ മന്നിന
സന്തതം രക്ഷ നൽകിനീ.

ഈശപുത്രനാം ലോകനായകാ
കാത്തിടേണമേ ഞങ്ങളെ.

നിൻെറ നാമം വിളങ്ങിടും മന്നി-
ലെന്നു മാചന്ദ്രതാരകം.

ശക്തിയാണുനിന്നായുധം പിന്നെ-
ധൎമ്മമല്ലോ കവചവും.

സത്യമാണു നിന്നാവനാഴിയെ-
ന്നീശ്വരാ നീ തുണയ്ക്കണേ.

ആശ്രിതൎക്കൊക്കെ യാശ്രയമായി
വാണുനീ ജഗദീശ്വരാ.

നാടിനൊക്കെ നീ യാശ്രയമെന്നും
നാരദാദി മുനിസ്തുതാ.

ശക്തനാം നിൻ പദങ്ങളിൽ ഞങ്ങാം
നിത്യവും പൂജ ചെയ്യുയാം.

# അഭയം നിൻപദം

(വൃത്തം അനുഷ്ടുപ്പ്)

ചന്ദ്രികാപൂര കർപ്പൂര-
ധാരതൻ കുളിർ മാതിരി.

നിൻെറനാമങ്ങൾ ചിത്തത്തി-
നുത്സവം നൽകിടുന്നിതാ.

ശബരിപ്പെണ്ണിനായ് മോക്ഷം
നൽകിനീ ശിവനന്ദനൻ.

മഹിഷീമർദ്ദനം ചെയ്തി-
തഴുതാതീര ഭൂമിയിൽ.

ആനന്ദം മന്നിനേകീടാ-
നായി ഭൂവിൽ പിറന്നനീ.

ആശ്രിതക്കഭയം നൽകി
നിൻെറ യേകാന്തഭൂവിലും.

ശബരീശാനിൻെറ പുണ്യ-
പൂർണ്ണമാമമ്പലത്തിൽ ഞാൻ

പതിനെട്ടാം പടികളെ
പ്പിന്നിട്ടെത്തുന്ന വേളയിൽ.

കർപ്പൂരപൂരം പോലെൻെറ
കണ്ണിന്നുത്സവമേകിനീ.

നിൻകാൽത്തളിരിലും പൂവിൽ
തലചേർക്കാൻ കൊതിച്ചു ഞാൻ.

ഘോരകാന്താര ദേശത്തിൽ
നിവസിക്കും മഹേശ്വര.
ധർമ്മമാർഗ്ഗേ ചരിച്ചീടാൻ
മന്നിന്നാഹ്വാന മേകിനീ.
സത്യവും ധർമ്മവും നിത്യം
പുണരുന്നജനത്തിനു്.
ആശ്രയം നൽകി നീനിൻെറ
പാദ പങ്കജഭൂവിലും.
കൂട്ടിനുണ്ടുനിനക്കെന്നും
ഘോരനാകിയ വാപരൻ.
പിന്നെക്കൂട്ടരവൻ താനും
കൃപകണ്ണുന്നമങ്ങിനെ.
ശിവഭൂതങ്ങളെല്ലാം നിൻ
പാദപ്പൂക്കളും മുകർന്നിടാൻ.
കൊതിയോടേ വന്നുനിൽപ്പൂ
നിൻെറയാശ്രമ സീമയിൽ.
ഭഗവാൻ നീയെനിക്കെന്നു-
മഭയം നിൻപദാംബുജം.
നിൻെറയാനന്ദഗാനങ്ങാം
തന്നെയാണെന്നുമാശ്രയം.
വെള്ളിക്കുന്നിൽ പള്ളികൊള്ളും
ചന്ദ്രചൂഡസുതാസദാ.
വിളയാടേണ മെന്നുള്ളിൽ
വെള്ളത്തിൽ തിരമാലപോൽ.

ഭക്തിനിർഭരമാം നിൻെറ
സ്തുത്യഗാനങ്ങളൊക്കെയും.
ഉരുവിട്ടുരുവിട്ടുള്ളിൽ
പതിഞ്ഞു ശിവനന്ദനാ.
കരുണക്കടലാം നിൻെറ
സ്വൎണ്ണനിൎമ്മിതമമ്പലം.
പത്തുമെട്ടും പടികട-
ന്നെത്തുവാനായ് കൊതിപ്പുഞാൻ.
സൎവ്വപ്രിയാ ഭൂതനാഥാ
അസ്ഥിതാം ബ്രഹ്മചാരിയായ്.
വരുന്നോരടിയന്നെന്നു-
മഭയം നൽകിടേണമേ.
പമ്പാതീരേ നീ പിറന്നു
പരമേശൻറെ പുത്രനായ്.
പന്തളത്തിൽ നീ വളൎന്നു
പന്തളേശൻറെ പുത്രനായ്.
അദ്രികന്യാ പ്രിയ സുതാ
ലക്ഷ്മിതൻ പ്രിയ നന്ദനാ.
തൊഴുന്നേൻ നിന്നെയെന്നെന്നും
അഭയം നൽകിടേണമേ.
പുണ്യരൂപാ ഭവദ്രൂപ-
മെന്നുമെൻ മന താരിലായ്.
വിളങ്ങിടട്ടേ സൎവ്വസ-
മടിയന്നെന്നുമങ്ങുതാൻ.

# സരസ്വതി

## നാലാംതാളം

ദേവിഭാരതീ വേദസ്വരൂപിണീ
വേദനായികേ ഐങ്കരീശങ്കരീ.

ചാരുഭാരതീദേവി നീയെൻനാവിൽ
പാരാതെവന്നു കുടികൊണ്ടിടേണേ.

ഘോരമായൊരീ സംസാരദുഃഖങ്ങൾ
നീകളഞ്ഞിട്ടനുഗ്രഹിക്കേണമേ.

വേദനായികേ നാന്മുഖനായികേ
ശക്തിഗൌരീമഹാമായേ ശങ്കരീ.

നിൻെറവൈഭവ മിന്നുരചെയ്യുവാൻ
പന്നഗനാഥനും പണിയല്ലയോ.

പാരിലയ്യ ചരിതമുരചെയ്യാൻ
പാരാതേ നീയനുഗ്രഹിച്ചീടണേ.

ബുദ്ധിവൈഭവം ചെറുമേയില്ലാത്ത
ഭക്തനാമെനിയ്ക്കുണ്ടാകും തെററുകൾ.

വേദരൂപിണീ നീപൊറുത്തീടണേ
നാവിൽവന്നു വിളയാടിനില്ക്കണേ.

നിൻകൃപാ രസസാരങ്ങളൊക്കെയും
എന്നുള്ളത്തിൽ പ്രകാശിച്ചുനില്ക്കണേ.

ആത്തിനാശിനിയായൊരെന്നംബികേ
കൃത്തിവാസിനീ കാമാരി വല്ലഭേ.

തുള്ളിത്തുള്ളിവരുന്ന വെള്ളത്തിലെ
വെൺതിരകൾപോൽ നിൻെറയാശിസ്സുകൾ.

ചാരുഭാരതീ ദേവീ സരസ്വതീ
നീയെൻ നാവിൽ കളിയാടിടേണമേ.

നിൻകൃപാരസധാരയുണ്ടെങ്കിലോ
ശങ്കരാത്മജൻ തൻെറ കഥകളെ.

ഭംഗിയായി പ്പറയാനടിയനു
സന്തതമിന്നു സദ്ധ്യമായ്ത്തീന്നിടും.

മൽഗുരുവിൻ കൃപാരസധാരയെൻ
ഉള്ളത്തിങ്കൽ വിളയാടിടേണമേ.

ആത്തിനാശിനി യായൊരെന്നംബികേ
കീത്തിനീയെനി ക്കേകണേ സന്തതം.

ഇന്നിതിൽ പിഴ വന്നുതീന്നീടുകിൽ
ഉന്നതരായ വിദ്വൽ ജനങ്ങളും.

എന്നെനോക്കി പ്പരിഹസിക്കും ദൃഢം
നീയതിനിന്നനുഗ്രഹ മേകണേ.

വേദനായികേ നാദാധിനായികേ
ദേവദേവപിതാമഹ നായികേ.

ഭക്തിദായികേ ഇഷ്ടപ്രദായികേ
ഭക്തവത്സലയായിട്ടമംബികേ.

പണ്ടുവിഷ്ണുവിൻ മായാവിമോഹിനി
ശങ്കരനൊത്തു കേളിയാടീടവേ.

അന്നവളിൽ പിറന്ന മനോഹരി
നന്ദനൻതൻ കഥയുരചെയ്യുവാൻ.

വന്നുനിത്യമനുഗ്രഹിക്കേണമേ
സന്തതം നീ കൃപയരുളീടണേ.

ഹസ്തമൊന്നിലോ പൊന്മണിവീണയും
ഹസ്തമൊന്നിലോ ഗ്രന്ഥമെഴുത്താണി

മററുകൈ യ്യൊന്നിൽ താമരപ്പൂവുമായ്
ശക്തി നീവന്നനുഗ്രഹിച്ചീടണേ.

അക്ഷവും സ്ഫടികാക്ഷത്തിൽ മാലയും
പുസ്തകവുമായ് നില്ക്കും മഹാമായേ.

സുന്ദരാംഗിയായ് തീന്നവിധിജായേ
രക്ഷനീതാനടിയനു സന്തതം.

പാരിലീശനാ മയ്യൻെറ കീർത്തനം
പാടിപ്പാടിയയവിറക്കീടുവാൻ.

പാരമിന്നതുടങ്ങുമടിയനെ
പാരാതെ വന്നനുഗ്രഹിച്ചീടണേ.

ദൂരെദൂരെ ശബരിഗിരിതന്നിൽ
മേവിടുന്ന മഹാമായ യയ്യപ്പൻ.

ശങ്കരാത്മജൻ തൻകഥ യോതുവാൻ
ശങ്കരൻ താനനുഗ്രഹിച്ചീടണേ.

പണ്ടുപണ്ടുവനാന്തര വീഥിയിൽ
നിന്നുനല്ല പുലിപ്പാലുകിട്ടുവാൻ

പോയൊരുണ്ണിതൻ കഥകളോതീട്ടുവാൻ
പാർവ്വതീശനനുഗ്രഹിച്ചീടണം.

ഭക്തലാളിത പ്പാർവ്വതീനന്ദന
ശക്തനായ ഭഗവാൻതിരുവടി

വന്മലയിലിരിയ്ക്കു മനാദിയാം
തമ്പുരാനെ തൊഴുന്നേൻ തൊഴുന്നേൻ ഞാൻ.

വേദനായികേ വിശ്വാധിനായികേ
നാദനായികേ കാത്തരുളീടണേ.

# സരസ്വതിയുടെ ജനനം

(വൃത്തംമാറി—രൂപകം)

പണ്ടുനാന്മുഖൻ ലോകസൃഷ്ടികാം
ചെയ്തുതീർന്നൊരളവപ്പൊഴേ.
കണ്ടിവാർ കുഴലിയായദേവിയൊരു
സുന്ദരാംഗിയുളവായിതേ.

ചാരുവാകിയകളേബരത്തൊടു
കൂടിയോരു മതിമോഹിനി.
സാരസാക്ഷിമണി യായ ദേവിയവ-
ളാണമോഹിനി സരസ്വതി.

സുന്ദരാംഗിനിയതായ ദേവിയെ-
കണ്ടുതോഷമൊടു നാന്മുഖൻ.
പഞ്ചബാണശര സഞ്ചയോത്സവ-
മതേററു തോററുവിധിയപ്പൊഴേ.

ഉണ്ടൽ പൂണ്ടുവിധി കാമചിന്തക-
ളുണന്നനേരമള വപ്പൊഴേ
സുന്ദരാംഗിനിയെ യന്നുതന്നുടെ
ജായയാക്കിമരുവീടിനാൻ.

വേദനായിക സരസ്വതിക്കുകര-
മുണ്ടുനാല്പ മതി മോഹനം.

അക്ഷരസുന്ദര മനോജ്ഞമാലിക-
മനോജ്ഞമുണ്ടിതൊരു കയ്യിലും.

രമ്യമായ സരസീരുഹം മധുര-
ഗാനതല്ലജമുതിർത്തിടും.

പഞ്ചവർണ്ണകിളി കയ്യിലൊന്നിലതി-
വിചിത്രമെന്നു പറയാമിഹ.

പുസ്തകം ചതുരഹസ്തമങ്ങതിൽ
മനോജ്ഞമോർക്കിലിദ മത്ഭുതം.

സുന്ദരാംഗിമരുവീടിനാൻ മധുര-
വീണയേന്തിയ മനോഹരി.

ചിത്രകാന്തിയെഴ മസ്തശൈലനിജ-
സത്തയേന്തിയമനോഹരി.

കണ്ടിവാർ കുഴലിയായ ദേവിയിനി
വന്നനാവിതിൽ വസിക്കണേ.

നാന്മുഖന്നു മകളായ്‌ പിറന്നനിജ-
ജായതൻ പദമണഞ്ഞൊരീ-

ചാരുരൂപിണിയ തായവാണിയിനി-
യെന്നുമേ കരുണ കാട്ടണേ.

# സരസ്വതീ സ്തുതി

(വൃത്തംമാറി—ഉപട രണ്ടു്...ഒന്നു്...മൂന്നു്)

---

നാണമില്ലാതേ വന്നേനെന്റെ
വാണീദേവീ വസിക്കെനാവിന്മേൽ.

ഫുല്ലണലോചനയാം നിന്നെ
തൊഴുതീടുന്നേനടിയൻ.

ഹരിഹരസുതന്റെ ചരിതം
കനിവാർത്ത കഥിപ്പതിനായ്
വരമരുൾക വാണീദേവീ
കളിയാടുക നീനിത്യം.

വാൽമീകി മുനിതന്നുടെ
നാവിന്മേൽ വാണതുപോലെ

വേദവ്യാസൻ തന്നുടെ
നാവിന്മേൽ വാണതുപോലേ
വാണീ നീയിന്നെൻനാവിൽ
കുടികൊണ്ടീടുകവേണം.

സേവകനടിയൻ നിത്യം
പാലയദേവീ നിത്യം

വരമരുൾക വാണീദേവീ
നിത്യവും കൈതൊഴുന്നേൻ ഞാൻ.

ഭൂമീതലത്തിലെപ്പോഴും
താണുവീണുതൊഴുന്നന്നടിയൻ.

തുള്ളുക നീ വാണീദേവീ
പാലയ സരസ്വതീമാം.

ഹരിഹരസുതനാമയ്യൻ
ക്ഷോണിയിതിൽ വന്നുപിറന്നു.

ചരിതങ്ങളഖിലവും ഞാൻ
വിരവോടേ സ്മരചെയ്യുന്നേൻ.

എണ്ണന്നേമ്മിഴിയാകും
ദേവിനിൻ ചരണങ്ങളിൽ.

വീണുകുപ്പുന്നേ നടിയൻ
ദേവിനീയനുഗ്രഹിക്കേണേ.

ഹരിഹരസുതൻെറ ചരിതം
വഴിപോലെ കഥിപ്പതിന്നായ്

വരമരുൾക മോഹിനിയായ
ഭഗവതി നിന്നെ കൈതൊഴുന്നേൻ.

വരമരുൾക സരസ്വതീനീ
വരമരുൾക വാണീമാതേ.

# പൊന്നമ്പലവർണ്ണന

(വൃത്തംമാറി—രൂപകം)

ദേവനിർമ്മിത മനോജ്ഞമന്ദിര-
മതാണുഹാഹര ജമന്ദിരം.

ചാരുകാഞ്ചന വിനിർമ്മിതം നവ-
വലാഹകാംഗനി വിചുംബിതം

കാന്തനാം ഹരിഹരാത്മജന്നു
മരുവിട്ടുവാൻ ജഗദിതീർത്തതാം.

ഹേമമന്ദിരമഹോ വിചിത്രമിഹ
പാരിൽ സാധുജനസമ്മതം.

പഞ്ചബാണരിപു ശങ്കരന്നരുമ-
നന്ദനൻ ചരണപങ്കജം.

സന്തതം ശരണമസ്തിമേ മനസി
തൽകൃപാ രസമനോഹരം.

മന്ദിരത്തിന്നകമുള്ള തൂണുക-
ഇതിമനോജ്ഞമെന്ന തുരചെയ്യുവാൻ.

ഇന്നനന്തനമഹോ പണിപ്പെട്ട-
മിതാണു സാധുജനകമ്മതം.

ഭംഗിയോടതിന്നു നാലുഭാഗവു
മതിങ്കലായ് ഞൊറിഞ്ഞൊറിഞ്ഞുടൻ.

വെണ്മയേറിയനന്നത്ത പട്ടുമുട-
നിട്ടമോടിയതിയാകുവാൻ.

നല്ലതായ് കയറു പാകിവേഗയതി-
ലിട്ടതോരണമൊരുക്കിയും.

കന്നിവെററില പഴക്കടക്കയു-
മൊരുക്കിവെച്ചി തഴകോട്ടുടൻ.

ഉത്തമോത്തമ മതായക്ഷേത്രമതു
തീൎത്തു പുഷ്പഫലജാലവും.

തത്രവെച്ചു മുദമേകുമാറുതിരി-
യിട്ടു ദീപമതൊരുക്കിയും.

മേളമോടവിടെ തീൎത്തു സുന്ദര-
മതായമന്ദിര മതിങ്കലായ്.

മാളികയ്ക്കുമുക ളുള്ളൊരംബികയെ
മോദമോടവിടെ വാഴ്ത്തിയും.

ആദിദേവമിഴി തന്നിൽനിന്നു ഭുവി
വനദാരികനെ വെല്ലുവാൻ.

നാദനായികനിസുംഭ സുംഭരെ-
യൊതുക്കി വാണൊരു ഭയംകരി.

ഘോരദംഷ്ട്രകളെഴുന്ന കാളിബഹുത
ഭൂതവൃന്ദഗണമൊത്തവാം.

വാളെടുത്തു കളിയാടിനിന്നൊരള-
വെതുദുഃഖവുമകററുവാൻ.

ഭീതിനാശിനി വസിയ്ക്കു, പീഠമിതി-
ലംബികേ ഭുവനവന്ദിതേ.

അഷ്ടദിക്പതികളെട്ടു പേരിവിടെ
യെട്ടദിക്കിലുമിരിയ്ക്കുയാം.

സ്വർണ്ണപീഠമിതു വെച്ചിടുന്നമന-
താരിനുത്സവമതേററുവാൻ.

ശങ്കരീഭുവനവന്ദിതേ സതത-
മേകണേ തവകടാക്ഷവും.

ശങ്കരൻെറ കരതാരിൽനിന്നു
മൊരുവാളുവാങ്ങി യൊരുകാളിയെ

സന്തതംചരണ പങ്കജം സപദി
വന്ദനീയമിതു വാഴ്ത്തുവേൻ.

ആയുധത്തൊടു കളിച്ചുദേവി
യസുരർകളൊത്തു ഹരിനന്ദനൻ.

വാഴമീജഗദി സന്തതം ചരണ-
പങ്കജങ്ങളെ യിനിവാഴ്ത്തുവേൻ.

സ്വപ്നനിൎമ്മിത മനോജ്ഞതല്പീഠമിതു
വെച്ചുദേവന്നു വസിക്കുവാൻ.

ദുഷ്ടരാക്ഷസരെവെന്ന നന്ദനന്നു
വന്ദനം സപദി കൈതൊഴാം.

ഘോരദംഷ്ട്രകളെഴുന്ന കാളിയ
ദുരൌഘനാശനമതിന്നു ഭൂ-

വേദിയിൽകൃപ പെരുത്തുനൽകണ
മെനിക്കുനിത്യവു മുമാപതേ.

വന്നിനി ദയയോടിന്നുവാഴ്ക
ഹരിനന്ദനാ കരുണവാരിധേ.

വന്നതെറ്റുകളഹോ പൊറുപ്പതിന്നു
വന്ദനം തവ ദിവാനിശം.

# അമൃതമഥനം കഥ

## ഗുരുവന്ദനം.

(വൃത്തംമാറി—നാലാംതാളം)

കാരുണ്യാബ്ധിയ താകിയദേവൻ
വാരിജേക്ഷണ പദതളിർതൊഴുതേൻ
മാരനാശനൻ ശ്രീ പരമേശൻ
ഗൌരീ നായക പദതളിർതൊഴുതേൻ.
ക്ഷീരവാരിധി തന്നിൽ വസിക്കും
സാരസേക്ഷണ പദതളിർതൊഴുതേൻ.
ചാരുഭാരതീ ദേവത താനും
മോദമോടേ തുണയരുളേണം.
മാളികപ്പുറത്തേറിടുമമ്മ
പാരമിന്നു വരമരുളേണം.
ഗോപീനായകൻ കൃഷ്ണനമനിശം
മോദമോടേ വരമരുളേണം.
അമ്പിളിക്കല ചൂടിയ ദേവൻ
ഇമ്പമോടു വരമരുളേണം.
മേളമോടേ കവിതയുരപ്പാൻ
പാരിലുള്ള സുരേന്ദ്രരുമിപ്പോൾ.

1709

നിത്യവും മമ വരമരുളേണം
മുക്തിയാന്നിതാ പദതളിർ തൊഴുതേൻ.

ബുദ്ധിമാന്മാർ കവിതകൾ കേട്ടു
തെറ്റുതീർപ്പാനായൊരുങ്ങേണം.

ദേവതുല്യനഖില ഗുണജ്ഞൻ
മാമകഗുരു വരമരുളേണം.

പണ്ടുദേവകളസുരകളൊത്തു
പാൽക്കടലിൽ ചെന്നമൃതുകടഞ്ഞു.

അക്കഥകളഖിലവുമിപ്പോൾ
ഭക്തിയോടെ പറയുവതിന്നായ്.

ഭൂതനാഥനായ് തീർന്നൊരുദേവൻ
വേഗമിന്നു വരമരുളേണം.

ചാരുസുന്ദരീ ഭാരതീദേവി
മോദമോടേ വരമരുളേണം.

ദേവിയായൊരു പാർവ്വതിതാനും,
മാളികപ്പുറത്തമ്മയുമെല്ലാം.

മോദമോടേ വരമരുളാനായ്
ഭക്തിയോടിതാ പദതളിർതൊഴുതേൻ.

# ഷൺമുഖ സ്തുതി

(വൃത്തം മാറി—രൂപകം)

അമരകുലപതി അഖിലഗുണനിധി
അചരചരപതി മമപതി.

ബഹുവിധ ശ്രുതിപതി മഹാമതി
അസുരജനകുല പിതൃപതി.

അമരസേവകൻ അഖിലരക്ഷകൻ
അസുരശിക്ഷ കനവ്യയൻ.

ഹരിഹരാത്മജൻ ഭീതിനാശനൻ
മോദദായകൻ ശംഭുജൻ.

പരമപൂരുഷൻ മുനിജനപ്രിയൻ
സുഗുണവാരിധി മംഗലപതി.

സകലതെററിനു പിഴയരുളുവാൻ
വരമരുളണം ശരണവും.

ഹരിഹരാത്മജ കഥകളോതുവാൻ
തുനിയുമീയെൻെറ നാവിലായ്.

കളികളാടണം ദേവിഭാരതി
വരമരുളണ മംബികേ.

വരുണസേവകൻ കരുണവാരിധി
അരുണസാരഥീ സദൃശവാൻ.

സതതമേകണം തുണയെനിക്കുനീ
സൃഗ്ഗുണവാരിധേ മായജാ.

സതതമിഹതവ ശബരിമലവെട്ടി-
ഞ്ഞരികിലെത്തണേ ഹരിസുതാ.

അഖിലഗുണനിധേ മോദദായകാ
ഹരിഹരസുതാ വരികനീ.

കാളികൂളിഗണ മദ്ധ്യവാസിനി
ദേവി തൻെറ കരവാളിനായ്.

പാപമൊക്കെയുമകററുവാനിത
പാദയുഗമതു തൊഴുതീടുവേൻ.

മാളികക്കുമുകളേറി വാഴുമൊരു
ദേവിയംബിക തുണയ്ക്കണേ.

മോദമോടെയിത പാദപത്മമിതു
സന്തതം ശരണമേകണേ.

പിഴകളൊക്കെയും ബതപൊറുക്കണേ
കരുണാവാരിധേ ഹരിസുതാ.

വെണ്മയുള്ള മയിലേറിയെത്തിടും
ഷൺമുഖാ തുണകൾ ചെയ്യണേ.

# ദുൎവ്വാസാവും ദേവേന്ദ്രനും

(വൃത്തംമാറി—ചെമ്പട)

---

ദുൎവ്വാസാ മുനിയുടെശാപത്താൽ വിനിഭൂത്യ-
ഗൎവ്വമൊക്കെയും തീൎന്നുസുര നായകാദികൾക്കെല്ലാം.
ജരാനരകളേല്ക്കയാൽ പെരുതായുള്ളതാപം
സപദിവന്നു ചേൎന്നുസുര നായകാദികൾക്കപ്പോൾ.
കല്പ്പവൃക്ഷവും കാമധേനുവും കണ്ണിൽകാണാതെദേവകൾ
ചലിതചിത്തരായ് ഭ്രമിതചിത്തരായ്
വലയുകയായിനിത്യവും.
ഇതിനൊരുവഴികാണുവാനായി ഹൃദയേചിന്തിച്ചു ദേവകൾ
ഉടനെദേവകൾ മുനിഗണത്തോടേ സപദിചിന്തിച്ചിരക്കവേ
സുരഗണേശ്വരനായ വിഷ്ണുവെ മനസിചിന്തിച്ചുമരുവിനാൻ
പരമപൂരുഷനായ പുരുഷോത്തമനപ്പോൾ
സുരഗണാന്വിതനായി മേവിനാൻ പാലാഴിയിൽ.
മാമുനിദുൎവ്വാസാവിൻ ശാപത്താൽ വന്നചേൎന്ന-
ദോഷങ്ങളൂരചെയ്യാനെത്തിയ ദേവഗണം
പറഞ്ഞുപിതാമഹ നായൊരാവിധാതാവിൻ.
തിരുമുമ്പിലാക്കഥ വേദനയൂറുംകഥ
ദുൎവ്വാസാവൊരുനാളിൽ ദേവനായകനായി.
നൽകിയ പൂമാലയും കയ്യിൽവെച്ചൊരുദിനം
യാത്രഃപോകവേ തന്റെ വാരണമസ്തകത്തിൽ

മാലയം•വെച്ചുമുടി കെട്ടുവാനൊരുങ്ങുമ്പോൾ
പൂവിൻെറ മണംകേട്ടു മത്തരാം ഭൃംഗങ്ങൾ
വാരണമസ്തകത്തിൽ കളിയാടീടുംനേരം
ഗജമോ തുമ്പിക്കയ്യാൽ മാലയെ വലിച്ചെടു-
ത്തവിടെ യെറിഞ്ഞതു ചവിട്ടിയരച്ചപ്പോൾ.
ക്രുദ്ധനായ് ദുർവ്വാസാവു ശപിച്ചതല്ലോനിത്യം
ജരാനരകളാൽ നിൻെറ കുലവും തപിച്ചീടും.
വൃത്രാരിയാകുംദേവ പുംഗവൻ മനംനൊന്തു
പ്രാർത്ഥിച്ചു ജരാനര തീർത്തുതന്നീടേണമേ.
അടിയൻ ചെയ്തപരാധം പൊറുക്കേണം കൃപാനിധേ
അടിയന്ന അനുഗ്രഹംനൽകേണം ഭവാൻവേഗം.
എന്നതുകേട്ടൊന്നു ചിരിച്ചവൻ
പന്നഗപൎയ്യങ്കശായിയാം പുരുഷോത്തമൻ.

# അമൃതമഥനം.

(വൃത്തംമാറി—നാലാം താളം)

നന്ദിയുമഥ ശംഭുവിനോദമരകൾ
വന്നതുചെന്നു പറഞ്ഞൊരുനേരം
ഇന്ദുകലാധരനടനരുൾ ചെയ്തു
വന്നുപറഞ്ഞീടുക ദുഃഖം.

ഉന്നതമാം വേദനയാന്നൊരു
ശക്രനെയും പരിവാരത്തെയും.

ചക്രായുധപാണിയെയും ക-
ണ്ടതികുതുകാൽ പരമേശ്വരനരുൾചെയ്തു
ദേവകളേ.

ഇഹനിങ്ങൾക്കെന്തൊരു ദുഃഖമ-
തറിയാനായ് ചോദിക്കുന്നേൻ.

ദേവകളങ്ങോതീ പിന്നെ
ദുർവ്വാസാമുനിയുടെ ശാപം.

വൃത്രാരിവിധി പ്രമുഖന്മാർ
വൃത്താന്തമുണർത്തിയ നേരം

മൂർത്തികളാം മൂവരുമൊത്തിതി-
നെന്താണിതിനിനി പരിഹാരം?

മന്ദരഗിരിയെന്നൊരു പർവ്വത-
മുണ്ടല്ലോ ഭൂമിയിൽയോഗ്യൻ.

പന്നഗപതിയാകിയ വാസുകി-
യെന്നൊരു നാഗേന്ദ്രനമുണ്ട്.

മന്ദരഗിരികട കോലാക്കാം
വാസുകിയെ ക്കയറുമതാക്കാം.

അസുരന്മാർ ഒരു ഭാഗത്തും
ദേവന്മാർ മറുഭാഗത്തും.

പാലാഴി കടഞ്ഞീടുകിലോ
അമൃതം ബഹുകിട്ടീടുമല്ലോ?

ആ സുധയെ പ്പാനംചെയ്താൽ
ദേവന്മാരുടെ ജരാനരതീരും.

ഏവം ചിന്തിച്ചുടനടി ദേവക-
ളമൃതുകടഞ്ഞീടുവതിന്നായ്.

ഹരിഹരവിധിമാരോടുംകൂടി
പരിപാടികളിട്ടുതുടങ്ങി.

അസുരന്മാരോടിന്നൊരു സഖ്യം
വേണം പാൽക്കടലുമഥിയ്ക്കാൻ.

എന്നാലങ്ങൊരുതല ദൈത്യരു-
മങ്ങേതല ദേവന്മാരും.

ക്ഷീരാബ്ധിയൊന്നുമഥിക്കാൻ
ദേവാസുര രൊത്തൊരുമിച്ചു.

# ഗരുഡാഗമനം

(വൃത്തംമാറി)

പക്ഷീന്ദ്രനെ മെല്ലെവിളിച്ചു
തൽക്ഷണമിദമോതീ വിഷ്ണു.

താർക്ഷ്യാ നീ പന്നഗനാഥനെ
വാസുകിയെ കൊണ്ടുവരേണം.

ക്ഷീരാബ്ധിമഥിക്കാൻ ഞാനിന്ന
വാസുകിയേ പാറുകയുള്ളു.

ഇതുകേട്ടൊരു താർക്ഷ്യനമപ്പോഠം
മാധവന്റെ പാദസരോജം.

ചിത്തത്തിൽ നിനച്ചുവേഗം
ഉത്തരമങ്ങോതിയതല്ലോ.

ഹരിയാകും നിൻകൃപയാലിതു
സാധിക്കാൻ വരമരുളേണം.

ഉന്നതസപ്പാധിപനായൊരു
വാസുകിയെ കിട്ടുവതിന്നായ്.

പരമേശാ നിന്റെ പദാബ്ജം
ശരണംതാ നിതിനെനിയ്ക്കു്.

പങ്കജമുഖനാകിയ ദേവാ—
സങ്കടമിഹ തീൎത്തുതരേണം.

(വൃത്തം മാറി) 38863

പക്ഷദ്വയമൊന്നു പതുക്കനെ
പക്ഷീന്ദ്രനിളക്കിപ്പിന്നെ.

പക്ഷങ്ങളെഴുന്നൊരു പർവ്വത-
മെങ്ങാണ്ടോ പോണതുപോലെ.

ഈക്ഷിതികളൊക്കെ നടുക്കും
മട്ടിൽത്തൻ ചിറകടിയാലേ.

പക്ഷീ പ്രവരാഗമനം ക-
ണ്ടിക്ഷിതികളൊക്കെ നടുങ്ങി.

ദേവാരികളൊക്കെ വിറച്ചിതു
ദേവേന്ദ്രനു മൊന്നു ചിരിച്ചു.

വാസുകിയെക്കൊണ്ടുവരാനായ്
പോയീടുകയല്ലോ താർക്ഷ്യൻ.

പക്ഷീശ്വര പക്ഷമിളക്കും
ശബ്ദംകേട്ടോടിയൊളിച്ചു.

പകയോടെപ്പോരുതാനെത്തിയ
പടുക്രൂരൻ കാട്ടുമൃഗങ്ങൾ.

ദൈവാജ്ഞകളെന്തെല്ലാമെ-
ന്നറിയാനായാർക്കുമശക്യം.

കാടുകളും തോടുകളും പല-
നാടുകളും ദൂരെവെടിഞ്ഞു.

പോകുന്ന പക്ഷീന്ദ്രനുടെ
ചിറകൊച്ചകൾ കേട്ടുനാട്ടാർ.
പാടവമൊട്ടുഖഗ പതിയാകിയ
ഗരുഡൻതാൻ പോവതുകണ്ടാൽ.
ഉദ്യോതിതമെന്തൊരു വസ്തുവി-
തെന്നങ്ങും നിനയ്ക്കും ലോകർ.
ചന്ദ്രാർക്കരു മഗ്നിയുമല്ലിതു
പിന്നേയോ പ്രദ്യുമ്നനനോ?
ഓരോദിശിയോ രോരശ്മി-
പ്രസരംതാൻ മഴവില്ലാണോ?
ചിറകുള്ളൊരു പർവ്വതമാണോ
ചിറകുള്ളകൊടുങ്കാററാണോ?
അണ്ഡജനങ്ങളൊരു ഞൊടിയിടയിൽ
വാസുകിതൻ സവിധത്തെത്തി.
വാസുകിയുമൊന്നു വിറച്ചു
പക്ഷീന്ദ്രനെ കണ്ടൊരുനേരം
ചിന്തിപ്പുള്ളമൊന്നിഹ മന്നിൽ
മറെറാന്നു ഭവിക്കുന്നതചമേ.

# ഗരുഡനും വാസുകിയും.

(വൃത്തം മാറി— ത്രിപട രണ്ട്, മൂന്ന്, നാല്)

ഗരുഡൻതൻ വരവുകണ്ടു
മനസി ചിന്തിച്ചു നാഗേശൻ
കുപിതനാകിയ പക്ഷീശൻ
വേഗം വന്നരികിലെത്തി.
പരിഭവമാണ്ടോടിയെത്തും
പക്ഷീന്ദ്രനെ കണ്ടൊരുനേരം.
പരിഭവപ്പെട്ടത്തേണമെ-
ന്നടലൊന്നയത്തിവേഗാൽ.
ഝടുതിയീ ലോകമൊക്കവേ
നടുങ്ങീ മങ്ങിയക്കനും.
പരിഭവമധിക മുണ്ടായ്
അമരന്മാൎക്കപ്പൊഴുതേ.
പരമേശ്വരനെ വന്ദിച്ചു
പലവിധം സ്തുതിചെയ്താൻ.
വരദാപാൎവ്വതീകാന്താ
വരമരുൾകടിയങ്ങൾക്ക്.
വരദാ ഇന്ദുകലാധരാ
വരമരുൾകടിയങ്ങൾക്ക്.

പലപൊഴ നീ ഞങ്ങളെയെല്ലാം
പരിപാലിച്ചവനേ ദേവാ.
ഏദിഞ്ഞങ്ങൾക്കണ്ടാം ദുഃഖം
പരമേശാ തീൎത്തരുളേണേ.

സകലസൎപ്പവിഭൂഷണനേ
സകലസങ്കട നാശനനേ.

ചതുൎമ്മുഖാദികൾ ചെയ്ത
സ്തുതിഗീതം കേട്ടുദേവൻ.
അകമലർ തെളിഞ്ഞുമോദാൽ
അരുളിച്ചെയ്തല്ലോ മധുരം.

പെരുതാകും കലഹമവിടേ
വാസുകിയും താർക്ഷ്യനുമൊപ്പം.
വാസുകിയെക്കൊണ്ടുവരാനായ്
ഒരു ഭൂതത്തെ അയച്ചിടേണം.
ഭൂതേശനിക്കഥകേട്ട
അകതാരിലൊന്നു ചിരിച്ചു.

സുരവരപ്രമുഖന്മാരേ
പരിതാപം വേണ്ടമനസ്സിൽ.
ഗരുഡനും വാസുകിതാനും
പൊരുതീടാൻ ഒഴികയില്ലാ.
ആരാരും അതുകൊണ്ടിപ്പോൾ
പേടിയ്ക്കാ വേണ്ടാ തെല്ലും.

# ഗരുഡനും വാസുകിയും തമ്മിലുള്ള യുദ്ധം

(വൃത്തം മാറി—ത്രിപട നാലാംതാളം)

സർപ്പേന്ദ്രൻ ഗരുഡൻതന്നെ
കണ്ടൊന്നുയർന്നുമെല്ലെ.
കെൽപ്പില്ലാത്തോനല്ലിവ-
നെന്നുനിനച്ചാനണ്ഡജൻ.
ചുററും മിഴികാംതിരിയാഞ്ഞു
വലഞ്ഞുപാരം.
പെട്ടെന്നുതാർക്ഷ്യനും പക്ഷദ്വയം
വിരുത്തിവന്നു.
ഘോരം കഠിനമായ് പൊരുതിനേ-
നിരുവരും തമ്മിൽ തമ്മിൽ.
മുററും നിറഞ്ഞൊരുവിഷ
ജ്വാലതൻ മദ്ധ്യഭാഗത്തിൽ.

മിന്നൽപോലെ വിളങ്ങുന്ന ചിറകിൻശോഭ
മന്നിലങ്ങുചിലരും ഇടഃമാർത്തു മനതാരിൽ.
സർപ്പാധിപൻ കൊത്തുവാനാ യാഞ്ഞടുക്കുമ്പോൾ
പക്ഷീന്ദ്രനെക്കണ്ടു വിറച്ചു തലതാഴ്ത്തുന്നു.
പക്ഷമപ്പോൾ വിടർത്തുന്നു ഗരുഡൻതാനും
ക്ഷണംതാഴ്ത്തി നിന്നിടുന്നു നാഗശ്രേഷ്ഠനും.

(വൃത്തംമാറി മൂന്നാംതാളം)

വേഗമടുത്തുചെന്നു വാസുകിയെപ്പക്ഷി
കൊക്കുകൊണ്ടു പതുക്കനെപ്പൊക്കിയനേരം.
പെട്ടെന്നുമനസ്സിൽതാൻ വിഷ്ണുവെച്ചിന്തിച്ചു
പക്ഷീന്ദ്രനും വാസുകിയെ കൊത്തിപ്പറന്നു.
അപ്പൊഴുതാ വാസുകിതൻ വായിൽനിന്നും
ഭൂമിതന്നിൽവിഷം വീണു ഇരുൾനിറഞ്ഞു.

(വൃത്തംമാറി രണ്ടാംതാളം)

മാരതാപം വളന്നോരു പുംശ്ചലിമാരെല്ലാം
ഘോരമാകു മന്ധകാരം കണ്ടുതോഷിച്ചു.
പക്ഷിശ്രേഷ്ഠൻ വാസുകിയെ കൊത്തിയെടുത്തു
പാൽക്കടലിന്നടുത്തേക്കു പറന്നുചെന്നു.

# ശിവൻെറ വിഷപാനം

(വൃത്തം മാറി)

മന്ദരത്തെക്കട കോലാക്കി
വാസുകിയെ ക്കയറുമതാക്കി.
വലത്തുഭാഗേ ദേവകൾനിന്നു
ഇടത്തുഭാഗേ അസുരരും നിന്നു.
പാൽക്കടല്യ കടവതുകാണ്മാൻ
ദേവന്മാരും വന്നഥനിന്നു.
പാൽക്കടലു കടഞ്ഞൊരുനേരം
വാസുകിതൻ വായിൽനിന്നും
ഘോരമാകും ഹാലാഹലമാ-
പാൽക്കടലിലൊലിച്ചതു നേരം.
ദേവനായകരൊക്കെയും ശംഭു
ദേവനെത്താൻ നിനച്ചുമനസ്സിൽ.
ശങ്കകൂടാതെത്തീ യവിടെ
ശങ്കരൻതൻ കരമതുനീട്ടി
ഘോരമാകും ഹാലാഹലമാം
വിഷമെടുത്തു കുടിച്ചതുകാണ്മെ.
ദേവിയായിട്ടും പാർവ്വതിവന്നു
ശങ്കരൻെറ ഗളത്തിൽപിടിച്ചു.
വിഷ്ണുവന്നുടൻ വായയും‌പൊത്തി
ദേവനായകർ പരിഭ്രമമായി.
അന്നതിന്ന വിഷമതുകണ്ഠേ
വന്നുനിന്നു കറുപ്പുനിറത്തിൽ.
കാളകൂടനായ് തീർന്നുശംഭു-
ദേവനന്നാം മുതലാണല്ലോ.
ദേവനായകരസുരരുമൊത്തു
പാൽക്കടലു കടഞ്ഞുതുടങ്ങി.

# ദേവാസുരന്മാരും അമൃതും

(വൃത്തംമാറി മൃത്താളം ഇരട്ടിപ്പ്)

അപ്പോളസുരകളമൃതമെടുത്തു-
പാതാളത്തിൽ പോയിയൊളിച്ചു.

ദേവകളപ്പോൾ വിഷണ്ണികളായി
നാരായണനെ മനസിന്നിനച്ചു.

ഉള്ളിൽ കുതുകമെഴുന്നൊരു രാക്ഷസ-
രമൃതുഭുജിക്കാൻ മെല്ലെയൊരുങ്ങി.

ദേവന്മാരുടെ വിഷമം കണ്ടൊരു-
നാരായണനുട നൊന്നുനടുങ്ങി.

എന്തൊരുമാർഗ്ഗം വേണ്ടിതുചിത്തേ-
പങ്കജനയനൻ ചിന്തയുമായി.

സേവകരാകും ദേവഗണങ്ങൾ
ജീവച്ഛവമായ് കണ്ടിതുദേവൻ.

ഖേദമശേഷം തീർക്കുവതിന്നായ്
മാർഗ്ഗംചിന്തിക്കുന്ന മുകുന്ദൻ.

സുന്ദരിയാമൊരു പെങ്കൊടിയാളുടെ
വേഷമണിഞ്ഞു യാത്രതുടർന്നു.

അസുരകളമൃതു ഭുജിക്കുംമുമ്പേ
വിഷ്ണുവുമവിടെ ച്ചെന്നുകരേറി.

മായാമോഹിനി യാളുടെവടിവിൽ
ലോകനിയന്താ വെത്തിയനേരം.

അസുരക്കവളിലൊരാശ മുഴുത്തു
അവളെക്കെട്ടി പ്പുണരാൻചെന്നു.

പാരീരേഴിന്ന മധിപതിയായൊരു
പുരുഷോത്തമനാ നിമിഷംതന്നിൽ.

അസുരന്മാരുടെ നേക്കൊരുനൃത്തം
പറയാനുള്ളിൽ നിനച്ചുതുടങ്ങി.

ലോകേശ്വരനാം ദേവനുമുടനേ
രാക്ഷസരോടു പറഞ്ഞുതുടങ്ങി.

അസുരന്മാരേ നിങ്ങടെയാഗ്രഹ-
മുടനേസാധിപ്പിക്കാം ഞാനും.

ആയതിനും മുൻപൊരു കാര്യംഞാൻ
പറയുകിലാക്ഷേപം എതിരില്ലല്ലോ.

ഞാനൊരുനാരി നിങ്ങടെയിംഗിത-
മറിയുന്നവളാണെന്നറിയേണം.

ആദ്യം നിങ്ങൾക്കമൃതുഭുജിക്കാ-
നോരോരുത്തക്കായി വിളമ്പാം.

അമൃതുവിളമ്പുന്നതിനും മുൻപായ്
മിഴികളടച്ചങ്ങിവിടെയിരിക്കൂ.

പാരമൊട്ടുക്കും കണ്ണുതുറക്കും
കേമന ഭാര്യാപദമേല്ക്കാം ഞാൻ.

കണ്ണുകൾ ചിമ്മിയിരിയ്ക്കുക നിങ്ങൾ
ഞാനീയമൃതുവിളമ്പുംവരെയും.

കണ്ണും ചിമ്മിയിരിയ്ക്കും രാക്ഷസ-
രൊന്നിച്ചോതീ ബാലേ വരിക.

അമൃതുവിളമ്പുക; അമൃതത്തേക്കാൾ
മധുരം നിന്മൃദ്വാക്കുകളല്ലോ.

ബാലേവരിക സുശീലേ നീതാ-
നമൃതുവിളമ്പുക വേഗം വേഗം.

എന്നതുകേട്ടൊരു മോഹിനിയാളും
ചെന്നമൃതത്തിൻ പാത്രംവാങ്ങി.

അമൃതുവിളമ്പിക്കഴിയുംവരെയും
മിഴികളൊരാളും തുറക്കരുതല്ലോ.

അമൃതുനിറച്ചൊരു കലശംവാങ്ങി
മോഹിനിയവളു പുറപ്പെട്ടല്ലോ.

പൊണ്ണന്മാരേ നിങ്ങളെ മുൻപിൽ
വന്നൊരു സുന്ദരിമോഹിനിയെവിടേ......?

# മായാമോഹിനി

(വൃത്തം മാറി — രൂപകം)

KOTTAYAM PUBLIC LIBRARY
KOTTAYAM

മായകൊണ്ടു മതികെട്ടസുരന്മാർ
ആയതേക്ഷണയെയോർത്തുടൻ
മാരബാണ പരിതാപമാണ്ടു-
ടനെ രാക്ഷസേശ്വരരിരിക്കയായ്.

ദേവദേവനമൃതം ഗ്രഹിച്ചു
തരസാതിച്ചു സുരസന്നിധൌ
ഭക്തവത്സലനതീവ ശീഘ്രമുട-
നിന്ദുസൂര്യരൊടു ചൊല്ലിനാൻ.

ചക്രവും മുസലമായുധങ്ങളൊടു-
മിപ്പുരസ്യസവിധത്തിലായ്.
നില്പിനിങ്ങളുടനാരുമിപ്പുരിയി-
ലെത്തിനോക്കരുതു് സത്വരം.

സൂര്യചന്ദ്രരതുകേട്ടു തല്പുര-
മതിന്നടുത്തു മരുവീടിനാൻ.
കാവലായ് പുരിയതിന്നുവേഗമഥ
ദേവകൾക്കു സുഖമേകുവാൻ.

ചിത്തകൌതുകമിയന്ന ദേവകള-
ത്തത്ഭുതസ്തിമിതനേത്രയായ്.
തത്രവാണിതമൃതം ഭുജിപ്പതിനു
സത്വരം കൊതിയിയന്നവർ.

പത്മനാഭനമൃതം ഗ്രഹിച്ചുകഥ
കേട്ടു വിസ്മയകുതൂഹലാൽ.
വൃത്രവൈരിയുമിരുന്നു ശംഭു-
വമൃതത്തെ കാണുവതിനപ്പൊഴേ.

അങ്ങട്ടുരെ മിഴിചിമ്മിവാണൊ-
രസുരേശ്വരൻ മിഴിതുറക്കവേ.
കണ്ടതില്ല മൃതകുംഭവും പുതിയ-
സുന്ദരീമണിയുമത്ഭുതം.

കഷ്ടകാലമിതുതന്നെ നാരിയി-
ലക്ഷിചേർത്തു മരുവുന്നവ-
ർക്കതലാണു ഫലമെന്നതോർത്തു
ഹൃദിനിത്യവേദനയിയന്നവർ.

ദേവനായകനതീവ സുന്ദരശരീര-
മാർന്നമതിമോഹിനി
പാരമന്നമൃതു കൊണ്ടുപോയ
കഥയോർത്തു ഖേദമോടു രാക്ഷസർ.

വാണനേരമൊരുവൻ ഗമിച്ചു
സുരനായകേശ്വര പുരിയ്ക്കക-
ത്താടലോടുടനെ വിഷ്ണുചക്രമതു
ചെന്നറുത്തു തലയപ്പൊഴേ.

അല്പമന്നമൃതുതിന്ന രാക്ഷസ-
ശിരസ്സു ജീവനമിയന്നതായ്
രാഹുവാണതപരന്നു നാമ-
മതുകേതുവെന്നുമറിയേണമേ.

പാരമന്നമുള്ളതിന്ന വാണസുര-
നായകാദികളതിന്നമേൽ
തീൎന്നുപോയി ജരയും നരാദികളു-
മത്ഭുതം സപദിയോൎക്കുകിൽ.

കല്പവൃക്ഷമതുകണ്ടു പിന്നെയഥ
കാമധേനുവുമണഞ്ഞിതാ-
വൃത്രവൈരി പുരമെത്രസുന്ദര-
മതീവമോഹനമറിഞ്ഞിട്ടു.

ദേവകൾക്കു സുഖഭാവമായി
മന്മാടലറവു നിവസിച്ചുയായ്
കാലമങ്ങിനെ കടന്നുപിന്നെയൊരു
നാളിലാക്കമലലോചനൻ.

പാരമാക്കഥ പറഞ്ഞു ശംഭുവോടു-
മോദമോടഖിലരക്ഷകൻ.
ചന്ദ്രചൂഡ ഭഗവാനുമോഹിനി
മനസ്സിനുള്ളതമിളക്കയായ്.

# സ്വാമിയുടെ ജനനം

(വൃത്തം മാറി—നാലാം താളം)

പാർവ്വതീപതിയാകിയ ദേവൻ
ഭൂതനായകൻ സർപ്പവിഭൂഷൻ.
വാസുദേവ വചനങ്ങളറിഞ്ഞു്
പാരമത്ഭുതമിയന്നവനായി.
പാരമുണ്ടു കൊതിയിന്നുനമുക്കു്
മോഹിനിയുടെ വേഷവും കാണ്മാൻ.
മാരവൈരിയാമെൻെറ മനസ്സിൽ
മാരതാപമൊരിത്തിരിയുണ്ടു്.
പന്തണിക്കുചകുംഭവുമായി
പങ്കജാക്ഷിമണിതന്നുടെ രൂപം.
ഇന്നു കാട്ടണമെനിക്കതുകാണാ-
നുണ്ടുപൂതി മനതാരിലിപ്പോഴും.
പാർവ്വതീപതി പറഞ്ഞതുകേട്ടു്
വാസുദേവനാ വേഷമണിഞ്ഞു.
എത്രമോഹന വേഷമിതാണു്
ചിത്തജാരിയ്ക്കുമോദവുമായി.
മായാമാനുഷനാകിയ ദേവൻ
മോദമാന്നു മനസ്സിലപ്പോഴേ.
മോഹിനിയുടെ വേഷമണിഞ്ഞു
മോഹരൂപനാം പങ്കജനേത്രൻ.
കാമവൈരിയ്ക്കു കാമബാണത്താൽ
കാമമേററമുയന്നതുമൂലം.
മായയാകിത മോഹിനിയെത്തൻ
മാല്യതീർപ്പതിനായിപ്പുണന്നു.
മായയായൊരു മാധവൻതാനും,
വാമനേത്രനും വാരിപ്പുണന്നു.

അപ്പോഴുതുടൻ ഗർഭവുമുണ്ടായ്
മോഹിനിയ്ക്കുതാണത്ഭുതം പാർത്താൽ.
ഗംഗയെത്തൻ ശിരസ്സിലണിഞ്ഞോൻ
തൻമനസ്സിൽ വിഷാദമുയന്റു.
മോഹിനിയുടെ ഗർഭവുമപ്പോൾ
പത്തുമാസം തികഞ്ഞൊരുനേരം.
ശങ്കരൻ തൻകരതളിരാലേ
ദേവിതൻ തുടകീറിയനേരം.
ഉണ്ണിയൊന്നു പിറന്നിതുമണ്ണിൽ
അയ്യനയ്യപ്പനെന്ന പൊന്നുണ്ണി.
മന്നിൽവന്നു പിറന്നതുഃനേരം
ദേവവൃന്ദമുടനടി പുഷ്പ-
വർഷമങ്ങിനെചെയ്തു ദോഷത്താൽ.
ഉണ്ണിയൊന്നു പിറന്നിതുമന്നിൽ
അയ്യനയ്യപ്പനെന്ന പൊന്നുണ്ണി.
കയ്യിലൊന്നിൽ ചുരികയുമുണ്ടേ
കയ്യിലൊന്നിൽ ശംഖുമതുണ്ടേ.
കഴുത്തിലുണ്ടൊരു മോഹനമണിയും
അയ്യനയ്യപ്പനെന്ന പൊന്നുണ്ണി.
മായാമോഹിനിതൻ സുതനായി
മന്നിൽ വന്നുപിറന്നു പൊന്നുണ്ണി.
ശിഷ്ടരാകും ജനങ്ങൾക്കപ്പോൾ
തുഷ്ടിയുണ്ടായ് മനസ്സിനു പാരം.
ദുഷ്ടരായ ജനങ്ങൾക്കെല്ലാ-
ചിത്തമാശു വിറച്ചുതുടങ്ങി.
ഹരിഹരാത്മജനയ്യൻ തിരുവടി
കൈലാസത്തിൽ കളിച്ചു വളന്റു.
ഹരിഹരാത്മജാ പതിനെട്ടാംപടി
നമോ നമഃ തവ പാദമിതാ തൊഴുവേൻ.

പഴന്നൂൻ പൂമരം കയറിയ കഥയും,

വാവരുടെ ജനനവും

# പൂമരപുത്രൻ

# പാത്തുമ്മയുടെ കഥ

## (മാപ്പിളപ്പാട്ട്)

---

മക്കത്തെപ്പാത്തുമ്മാക്ക് മക്കളില്ലാതെ
മക്കത്ത് പള്ളിയില് നേർച്ചകൾനേൻറ്
സുന്ദരിയാം പാത്തുമ്മാക്ക് നിത്യവും നോയ്മ്പ്
പൊന്നുമോൻെറ മുഖംകാണാനെന്നുമീനോയ്മ്പ്
പള്ളിക്ക് പലവക നേർച്ചകൾനേൻറ്
പടച്ചോനെ കൽബിനുള്ളിൽ നിനച്ചിരുന്ന്
മുത്തുനബികൃപകൊണ്ട് ആറുനോററുകാത്തിരുന്ന
പാത്തുവിന് പള്ളയിലുണ്ടെന്നൊരു വാർത്ത
മക്കത്തെപ്പാത്തുമ്മാക്ക് മക്കളില്ലാതെ
മക്കത്തെപ്പള്ളിയില് നേർച്ചകൾ നേൻറ്
ഗർഭിണിയാം പാത്തുമ്മാനെക്കണ്ടൊരുനേരം
കൂട്ടുകാരു് തമ്മിലെന്തോ പിറുപിറുത്ത്
ആറുനോററ് നോയ്മ്പുകാത്ത ദിനവും വന്ന്
പാത്തുമ്മാക്ക് നല്ല പൊന്നുമോനും പിറന്ന്
ഖലിയാർ തങ്ങളെന്നുള്ള പേരിലറിയും വാവർ
ഗുണഗണനിധിയായ മിടുക്കൻ വാവർ
മക്കത്തെപ്പാത്തുമ്മാക്ക് മകനുണ്ടായി
കൊച്ചുമോനെപ്പാത്തുമ്മയും വളർത്തിവന്ന്

വേദവിദ്യയഖിലവുമവൻ പഠിച്ച്
വാവരെന്നപേരിലവനറിഞ്ഞുവന്ന്
അസ്ത്രവിദ്യകളിയാണ് വാവക്കെന്നും
വാളെടുത്താൽ തലവെട്ടും മിടുക്കൻ വാവർ
മനസ്സിൽനിരൂപിച്ചാലറിയും കേമൻ
മിടുക്കനൊമുണ്ണിയല്ലോ ഹലിയാർ വാവർ
പച്ചക്കുതിരയേറിസ്സവാരിചെയ്യാൻ
കൊച്ചുമിടുക്കനെല്ലോ വാവരു തങ്ങൾ
പാത്തുമ്മയ്ക്കൂത്തുകാണാൻ കൽബില് പൂതി
കച്ചകെട്ടിയങ്കംവെട്ടാൻ മിടുക്കൻ വാവർ
വാവക്കൊരു നല്ല കുതിരയുണ്ട്
വാളും കഠാരിയെല്ലാം കയ്യിലുണ്ട്
ഉടുക്കുന്നതൊരുതരം കള്ളിമുണ്ട്
തലയിൽവെക്കുവാൻ നല്ല തൊപ്പിയുണ്ട്
അരയിലോ പച്ചബെൽട്ടു വരിഞ്ഞുകെട്ടി
അതിൻമീതെക്കച്ചനന്നായ് മുറുക്കികെട്ടി
അന്തസ്സിൽ കുതിരതൻ പുറത്തുകേറി
നാട്ടുപുറവും ഹലിയാരെ കാണുവാൻപൂതി
പച്ചക്കുതിരേടെ പാച്ചില് കാണാൻ
മക്കത്തെപ്പാത്തുവെന്നും മനസ്സിൽ മോഹം

# വാവരുടെ പടയോട്ടവും, കുതിരസ്സവാരിയും

## (മാപ്പിളപ്പാട്ട്)

കാട്ടും മലകളും കടന്നുചെന്നു്
വാവരു് പടയോട്ടസ്സവാരിചെയ്തു്
പച്ചക്കുതിരപായും പാച്ചിൽകണ്ടു്
നാട്ടുകാരൊക്കെയുള്ളിൽ പിറുപിറുത്തു
വേലുണ്ടു് വലംകയ്യിൽ വാളുമുണ്ടു്
കേമനാംവാവരെന്ന പേരുമുണ്ടു്
നാട്ടും നഗരവും കടന്നുവാവർ
കാട്ടും മലകളും കടന്നുവാവർ
കുതിച്ചുപോയിടുന്നല്ലോ കുതിരക്കാരൻ
വാവരുടെ പടയോട്ടം കണ്ടനേരം
പാവങ്ങളാം ജനങ്ങളോ ഭയന്നുപോയി
കുതിരപ്പുറത്തേറിപ്പാഞ്ഞീടും ഫലിയാരെ
പെററമ്മ പാത്തുമ്മയും നോക്കിനിന്നു
പടയോട്ടംകഴിഞ്ഞിട്ടില്ലതിന്നുമുൻപു്
ദൂരെനിന്നും വാവരൊരു കാഴ്ചകണ്ടു
പച്ചതൊപ്പിധരിച്ചോരു വാവരു്കാക്ക
അത്ഭുതസ്തിമിതനായി നോക്കിനിന്നു.

# അയ്യപ്പനും, വാവരും കണ്ടുമുട്ടുന്നതു്

കൈകളിലോ ചുരികയുമേന്തി
കരിനിറമാം വസ്ത്രമുടുത്തു്
ചുരികയുമാക്കയ്യിലെടുത്തു്
ഗജമുകളിലേറിവരുന്നു
അയ്യപ്പാ ശരണംസ്വാമീ
അയ്യപ്പാ ശരണംസ്വാമീ
ആരാരിതു കുതിരയിലേറി-
പ്പോകുന്നോനെന്നു നിനച്ചു
ഹാലാ ഹല കണ്ടജനോരോ
ചിന്തയുമായ് നില്ക്കുന്നേരം
ഭൂതഗണമരികിലടുത്തു
ദേവനോടു ചൊന്നേനല്ലോ
ദേവേശാ ഹരിഹരസുതനേ
കുതിരപ്പുറമേറിയവീരൻ
മക്കത്തെപ്പാത്തുമ്മാടെ
മകനാകും ഹലിയാർ തങ്ങൾ
ഹലിയാർനബിതൻ നഗരത്തിൽ
ഹരിസുതനും പോയേനല്ലോ
ഭൂതഗണമൊത്തൊരു ദേവൻ

ഭൂതേശൻ മണികണ്ഠൻതാൻ
പാടവമൊട്ട ഫലിയെവിളിച്ചു
പടപൊരുതാനാവേശത്താൽ
ഇതുകേട്ടൊരു ഫലിയാക്കപ്പോം
മനതാരിലത്ഭുതമുണ്ടായ്
ആരാരിവനെന്നുനിനച്ചു
ഫലിയാരുമൊന്നു ചിരിച്ചു
ഇന്ദുധരസുതനാമയ്യൻ
ഇവനല്ലോ എന്നു നിനച്ചു
നാലാമത്തു വേദംതന്നിൽ
പിറന്നോരുഫലിയാർ തങ്ങൾ
പടവെട്ടാൻ പുറപ്പെട്ടല്ലോ
പകവീട്ടാൻ കല്ബില്ല് പൂതി
കരളിൽ പുതുകതുകവുമാന്ദ
ദൂതഗണം ഗോപുരവാതിൽ
തള്ളുന്നു ഫലിയാർ തങ്ങൾ
പോരാടാൻതന്നെ നിനച്ചു
തന്നുമ്മ, പാത്തുമ്മാടെ
സവിധത്തിൽ ചെന്നിതുവേഗം.

# കാതിയുമ്മയും, പാത്തുമ്മയും

(നാലാം താളം)

## വാവരെക്കുറിച്ചുള്ള മറെറാരു കഥ.

---

കാതിയുമ്മതൻ പൊന്നുമോളാണ്
പേർപുകഴ്ന്നൊരു പാത്തുമ്മയല്ലോ
കാതരിക്കാടെ പുന്നാരമോള്
കാതിയുമ്മതൻ പുന്നാരമോള്
കാതരിക്കയുമുമ്മയുംകൂടി
ഓമനിച്ചു വളർത്തിയമോള്
മാനത്ത്ന്നീ മണ്ണില് വീണ
താരകംപോൽ തിളങ്ങ്ണമോള്
പാത്തുമെല്ലെ വളർന്നുതുടങ്ങി
പാത്ലത്തില് ഹൂറിയെപ്പോലെ
എന്തുചന്തമീ കിന്നരിപ്പെണ്ണ്
എന്തുചന്തമീ സുന്ദരിപ്പെണ്ണ്!
പാത്തുവിൻ നവയൗവനം കണ്ടു്
പാത്ലത്തിൻ ഭഗവാനൊരുന്നാം
പാത്തുവെപ്പുണർന്നീടുവതിനായ്
കാത്തുകാത്തു കഴിഞ്ഞൊരുനേരം
പാത്തു യൗവനയുക്തയായ്ത്തീർന്നു
പാത്തു സുന്ദരിയായിച്ചമഞ്ഞു.

## പൂമരത്തിന്റെ കഥ

ശ്രീ ഭഗവാനു പാത്തുവെപ്പൂൽകാൻ
മോഹമേററം മനസ്സിലുണ്ടായി
ശ്രീ ഭഗവാനൊരുദിനം നല്ല-
പൂമരമായവതരിച്ചല്ലോ
ദൂരെദ്ദൂരെ ഋഷിമലതന്നിൽ
പൂമരമൊന്നു വന്നുപിറന്നു
വന്മരത്തിൽ പുകളുകേട്ട
മണ്ണിലുള്ളവർ വിസ്മയമാന്നു
ആയിരംകോലുയരമുള്ളൊരു
പൂമരത്തിൻ പുതുമകൾകേട്ട
നാലുദിക്കിലും നാലല്ലോ കൊമ്പ്
നാലുകൊമ്പിലും നാലല്ലോ പൂക്കൾ
തെക്കുഭാഗത്തെക്കൊമ്പിൽ വിരിഞ്ഞു
പിച്ചകത്തുമലരുകളല്ലോ
അങ്ങുദ്ദൂരെപ്പടിഞ്ഞാറെക്കൊമ്പിൽ
മുല്ലപൂത്തു മണംപരത്തുന്നു
വടക്കുഭാഗത്തെക്കൊമ്പിൽ വിരിഞ്ഞു
തെച്ചിപ്പൂക്കളൊരായിരമല്ലൊ
കിഴക്കുഭാഗത്തെക്കൊമ്പത്തു നല്ല
കൈതപ്പൂവും വിരിഞ്ഞെന്നല്ലോ
പൂമരത്തിൻ പുതുമകൾകേട്ട്
ലോകരൊക്കെയും വന്നുതുടങ്ങി
എന്തൊരത്ഭുതപ്പൂമരമെന്നു
മന്നിലൊക്കെയും കേൾവിമുഴങ്ങി
പൂമരത്തിൻ പുതുമകൾകേട്ട
കാതിയുമ്മതൻ മോളൊരുനാളിൽ
ഉമ്മതന്നടുത്തെത്തിയവളു-
മൊന്നുമെല്ലെപ്പറഞ്ഞെന്നല്ലോ.

# അത്ഭുതപ്പൂമരം

ഋഷിമലതന്നിലെയത്ഭുതപ്പൂമരം
കാണാൻകൊതിമൂത്തു പാത്തുമ്മക്ക്
നാലുപൂക്കൊമ്പുള്ള പൂമരംകാണുവാൻ
മാലോകരൊക്കെയും പോയനേരം
ഉമ്മതൻചാരത്തണഞ്ഞൊരു പാത്തുവും
മെല്ലെപ്പറഞ്ഞു തന്നുമ്മയോടായ്
പൂമരം കാണുവാനെല്ലാരുംപോയല്ലോ
പൂമരത്തിൻപുകഴ് പൊങ്ങിയല്ലോ!
'പൂമരംകാണുവാനെല്ലാരും പോണുമ്മാ
പൂമരംകാണുവാൻ ഞമ്മക്കും പോണം'
'പുന്നാരമോളേ നീ പോകല്ലേ മോളേ
ഞമ്മക്ക് പൂമരം കാണേണ്ട മോളേ
ചതിയാണു പൂമരമോമനപ്പാത്തുമ്മാ
ഞമ്മക്കീച്ചതികാണാൻ പോകേണ്ട പാത്തുമ്മാ'
പൂമരംകാണാതിരിക്കൂല ഞാനുമ്മാ
ഉമ്മവരില്ലെങ്കി ഞാൻ പോയികാണും'
'പരമേശ്വരൻചെയ്ത മറിമായമാണിതു്
ചതികാണാൻ പോകേണ്ടപോകേണ്ട പാത്തുമ്മാ'
'അത്ഭുതപ്പൂമരം ചതിയല്ല കളവല്ല
മരമൊന്നുകാണാൻ കൊതിയുണ്ടുമ്മാ'
'ഇച്ചതികാണുവാൻ പോകേണ്ട പാത്തുമ്മ
ബാപ്പയറിഞ്ഞാല് സമ്മതിക്കൂലാ'

‘അൽഭുതപ്പൂമരം കാണണമുമ്മാ
ഉമ്മയില്ലെങ്കിലോ ഞാൻ പോയിക്കാണും’
‘പോവല്ലെ പോവല്ലെ പാത്തുമ്മാ നീയും
പൂമരംകണ്ടാലോ പള്ളേലുണ്ടാവും’
‘ഇല്ലുമ്മാ ഞമ്മളറിയാതെത്തന്നെ
പള്ളേലുണ്ടാവുമോ ഞാൻ പോകുമുമ്മാ
പടച്ചോനറിയാതെ ജനനവുമില്ലുമ്മാ
കാലനറിയാതെ മരണവുമില്ലുമ്മാ’
പൂമരംകാണാൻ പുറപ്പെട്ട പാത്തുമ്മ
പോകാനൊരുങ്ങിയന്നേരം പറഞ്ഞു
‘ആണിന്റെനേരിട്ട് പോകല്ലെ പാത്തുമ്മാ
ആണായൊരാണിനെക്കാണല്ലെ പാത്തുമ്മാ
ആണിനെനേരിട്ട് നോക്കല്ലെ പാത്തുമ്മാ
തനിയെ നീ പോകല്ലെപോകല്ലെ പാത്തുമ്മാ’
ഉമ്മപറഞ്ഞതു് കേൾക്കാതെ പാത്തുമ്മാ
പൂമരംകാണുവാൻ പോയല്ലോ പാത്തുമ്മാ
ഏഴുമലകളും കാടും കടന്നവൾ
ഏഴുപുരങ്ങളിറങ്ങി നടന്നവൾ
ആരാരുംകയറാത്ത കുന്നും കയറുന്നു
ആരാരുംകടക്കാത്ത പുഴയും കടക്കുന്നു
പൂമരച്ചോട്ടിലും ചെല്ലുന്നു പെണ്ണവള്
പൂമരം മൂന്നുവലംവെച്ചു പെണ്ണവള്
പൂമരംതൊട്ടു നിറുകയിൽവെച്ചവൾ
അല്ലാഹ അക്ബറെദ്ധ്യാനിച്ചു നിന്നവൾ
കിഴക്കേക്കൊമ്പിന്റെ ചോട്ടിലും ചെന്നവൾ
കയറാനരുതാഞ്ഞുനിന്നവൾ പാത്തുമ്മാ

തെക്കേക്കൊമ്പിന്റെ ചോട്ടിലും ചെന്നല്ലോ
കയറാനരുതാഞ്ഞുനില്ക്കുന്നു പാത്തുമ്മാ
വടക്കേക്കൊമ്പിന്റെ ചോട്ടിലും ചെന്നല്ലോ
കയറുവാനാവാതെ നിന്നല്ലോ പാത്തുമ്മാ
പടിഞ്ഞാറെക്കൊമ്പിന്റെ ചോട്ടിലും ചെന്നല്ലോ
കയറാനരുതാഞ്ഞുനിന്നവൾ പാത്തുമ്മാ
കൈനീട്ടിയാലോ കൈയെത്തുകയില്ലാ
നീളത്തിലുള്ളോരു തോട്ടിയുമില്ലാ
അല്ലാഹു അക്ബറെധ്യാനിച്ചുനിന്നവൾ
അന്നേരം അത്ഭുതപ്പൂമരക്കൊമ്പ്
പാത്തുമ്മതന്നടുത്തേയ്ക്കുതാ ചായുന്നു
പാത്തുമ്മയത്ഭുതപ്പെട്ടതാ നില്ക്കുന്നു.

## പൂമരക്കൊമ്പത്തെ പാത്തുമ്മ

പൂത്തപൂമരക്കൊമ്പത്തു കേറി
പാത്തുമോ മനപ്പെൺകൊടിയാളും
പൂമരത്തിന്നിളംകൊമ്പുപൊങ്ങി
മെല്ലെമെല്ലെയുയർന്നതാപോയി
പൂക്കളോരോന്നു മെല്ലെപ്പറിച്ചു
മൂക്കിൽചേർത്തു മണക്കുന്നു പാത്തു
എന്തൊരുമണം പൂമരപ്പൂവ്
ഉണ്ണിതൻ മണം പൂമരപ്പൂവ്
അപ്പൂവ്വവൾ ദൂരെയെറിഞ്ഞു
വീണ്ടും നൽപൂവൊന്നിറുത്തു
അപ്പൂവ്വിന്നുമുണ്ണിതൻ ഗന്ധം

അപ്പൂവ്വം ദൂരെയെറിഞ്ഞു
അത്ഭുതമാപ്പൂമരക്കൊമ്പ്
പാത്തുനെ വാരിപ്പുണർന്നു
പാത്തുനെയുമ്മവെക്കുന്നു
പൂവുള്ള പൂമരക്കൊമ്പ്
ഉടയാടകളൊക്കെയഴിഞ്ഞു
തളരുന്നു പാത്തുവുമപ്പോൾ
അല്ലാഹു അക്ബറെന്നോത്ത്
പാത്തുമ്മ താഴെയിറങ്ങി
ഓരോന്നും ചിന്തിച്ചുപാത്തു
പോയല്ലോ വീട്ടിലേക്കായി
പാത്തുമ്മ ഗർഭിണിയായി
അതുകണ്ടുകാതിയാളപ്പോൾ

പാത്തുമ്മ

പത്തുതങ്ങന്മാരൊത്തുചേർന്നിട്ട്
പാത്തുവെപ്പുറത്താക്കിനാൻ
ധമിതിത്താമെന്നതോട്ടത്തിൽ പാത്തു
കണ്ണുനീരോടെ കഴിയവേ
കാപ്പാരിത്തോട്ടം കാത്തുവാഴുന്ന
പടവീരുതന്നായ കുഞ്ഞാലി
കണ്ടുമുട്ടുന്നു പാത്തുവെപ്പിന്നെ
നിക്കാഹും കഴിച്ചീടുന്നു
പൂമരഗർഭം പൂത്തിയാകുന്നു
പത്തുമാസവും തികയുന്നു
പത്തുമാസവും തികഞ്ഞൊരുനാളിൽ
പാത്തുപെററു പൊന്നുണ്ണിയെ
ഉണ്ണിവാവരന്നെന്നു പേരവന്ന്
ഉണ്ണിവാവരേ തുണക്കണേ!

—സമാപ്തം—

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. MA-10 Acc No. 1705

This book should be returned on or bef[ore the]
date last stamped below.

ല ജന. എഡിറ്റർ അയ്യപ്പപ്പണ

## അലക്സാണ്ടർ ഡൂ
## മോണ്ടിക്രിസ്റ്റോ പ്ര

മനുഷ്യാതീതപ്രശ്നങ്ങൾക്കു മുമ്പ
ചിന്താധീനനായി ദുഃഖിച്ചിരിക്കാതെ അവ
കരുത്തോടെ ഏറ്റുമുട്ടാൻ മനശ്ശക്തി ക
നായകനാണ് എഡ്മണ്ട് ഡാൻറി
തത്ത്വദീക്ഷയില്ലാത്ത ശത്രുക്കൾ
ഡാൻറിസ് ഇരയായിത്തീർ
ചാറ്റോഡി ഇഫിൻെറ ഇരുട്ടറകളിൽ നി
നിരക്കാത്തവിധം ഡാൻറിസിനെ അടച്ചുപൂ
അവിടെവച്ച് ഒരു തടവുപുള്ളിയിൽ നി
കലകളും ശാസ്ത്രങ്ങളും മോണ്ടിക്രിസ്റ്റോദ്വീപ
കുഴിച്ചുമൂടപ്പെട്ടിരുന്ന നിധികളെക്കുറി
സത്യവും മനസ്സിലാ
ആ രഹസ്യങ്ങൾ പറഞ്ഞുതന്ന തടവുപ
മരിച്ചപ്പോൾ ഡാൻറിസ് അയാ
ശവശരീരമെന്ന മട്ടിൽ തടവറയിൽ കി
ശവശരീരം കടലിലേക്കു വലിച്ചെറിഞ്ഞു; ത
ഡാൻറിസ് അവിടെനിന്നും നീന്തി രക്ഷപ
തുടർന്ന് നഷ്ടപ്പെട്ട നിധി കണ്ടെത
അങ്ങനെ മോണ്ടിക്രിസ്റ്റോവിലെ പ്രഭുവായി മ
ഉപകാരികൾക്ക് തക്ക പ്രതിഫ
ശത്രുക്കൾക്ക് കനത്ത ശിക്ഷയും ഡാൻറിസ് കൊ
ഫ്രെഞ്ച്സാഹിത്യ
ഒരു മഹത്തായ കൃ
അലക്സാണ്ടർ ഡൂമായുടെ മോണ്ടിക്രിസ

---

റേ

ആനന്ദ് ഈ നോവൽ പുനരാഖ്യാ
നോവലിസ്റ്റും ശാസ്ത്രസാഹി
തിരു
സയൻസ് ലാബറട്ടറി

WORLD CLASS
The Co